# പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 26, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--215]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 3251 മുതൽ 3305 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 3306 മുതൽ 3370 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 3371 മുതൽ 3399 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 3400 മുതൽ 3440 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 3441 മുതൽ 3465 വരെ |

### കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

3251 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാർഷികമേഖലയുടെ പരിപോഷണത്തിന് സ്വീകരിച്ച നടപടികളും ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളും വിശദമാക്കാമോ;

(ബി) ഇത്തരം നടപടികളിലൂടെ കാർഷിക മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ വ്യക്തമാക്കാമോ?

### കൃഷിഭവനുകളുടെ പ്രവർത്തനം

3252 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന

കൃഷിഭവനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മിക്ക കൃഷിഭവനുകളിലും കർഷകരുമായി ആശയവിനിമയം നടത്താനുള്ള സ്ഥലം, തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സൗകര്യം എന്നിവ ഇല്ല എന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൃഷിഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കർഷകർക്ക് മെച്ചമായ സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ കൃഷി വകുപ്പ് പ്രവർത്തനങ്ങൾ</u>

3253 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ വൈപ്പിൻ മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>കോഴിക്കോട് ജില്ലയിലെ കൂൺ ഗ്രാമം പദ്ധതി</u>

3254 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂൺ ഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും എത്ര കർഷകർക്കാണ് ജില്ലയിൽ പ്രസ്തുത പദ്ധതിയിലൂടെ ധനസഹായം ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

## <u>കാർഷിക മേഖലയുടെ സുസ്ഥിര വികസനം</u>

3255 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠന റിപ്പോർട്ട് പ്രകാരം കർഷകരുടെ ജീവിതത്തിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>പച്ചക്കറി, പുഷ്പ വിളകളുടെ ഹൈടെക് കൃഷി</u>

3256 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി, പുഷ്പവിളകളുടെ ഹൈടെക് കൃഷിക്ക് മാതൃകയാവുംവിധം നെതർലണ്ട് സാങ്കേതിക സഹായത്തോടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾക്ക് തുടക്കമിടുന്നതിന്റെ ഭാഗമായി ഹൈഡ്രോപ്പോണിക്സ്, അക്വാപോണിക്സ്, ഡ്രോൺ, സെൻസർ ഡിജിറ്റൽ ഉപകരണങ്ങൾ എന്നീ നൂതന സാങ്കേതിക വിദ്യകളുമായി കർഷകരെ ബന്ധപ്പെടുത്തുന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

## <u>കൂത്തുപറമ്പ് മണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേനയുള്ള പദ്ധതികളുടെ പുരോഗതി</u>

3257 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന അനുവദിച്ച പദ്ധതികളുടെ പുരോഗതിയും അനുവദിച്ച തുകയും തരംതിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാവാത്ത പദ്ധതികളുടെ തടസ്സങ്ങൾ എന്താണെന്നും അവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കാമോ?

## <u>കുരുമുളക് കർഷകരുടെ പ്രതിസന്ധി</u>

3258 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളകിനു മാർക്കറ്റിൽ വില ലഭിക്കുമ്പോഴും ഉല്പാദനം കുറയുന്ന സാഹചര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കുരുമുളകിന്റെ ഉല്പാദനം കുറയുന്ന സാഹചര്യം സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കുരുമുളക് കർഷകർക്ക് പുനരുദ്ധാരണ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ചിറയിൻകീഴ് മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>

3259 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 - 26 കാലയളവിൽ ചിറയിൻകീഴ് മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**<u>കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ സമീപനം തിരുത്താൻ നടപടി</u>**

3260 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ വിവിധ ഇനങ്ങളിൽ കർഷകർക്ക് ലഭിക്കുവാനുള്ള കേന്ദ്ര ഫണ്ടുകൾ ഏതൊക്കെ ഇനങ്ങളിൽ ആണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ സമീപനം തിരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>വള്ളിക്കുന്ന് മണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പദ്ധതികൾ</u>**

3261 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തികവർഷം മുതൽ നാളിതുവരെ വള്ളിക്കുന്ന് മണ്ഡലത്തിൽ കൃഷിവകുപ്പ് അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എത്ര കർഷകരാണ് ഗുണഭോക്താക്കളായിട്ടുള്ളത്; വിശദമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കിയ സ്മാർട്ട് കൃഷിഭവനുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ എത്ര ബ്ലോക്കുകളിൽ ആണ് കേരഗ്രാമം പദ്ധതി നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ?

**<u>തൊടുപുഴ മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>**

3262 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലയളവിൽ തൊടുപുഴ മണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ?

**<u>സംസ്ഥാനത്തെ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ</u>**

3263 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് പച്ചക്കറി, നെല്ല് ഉൾപ്പെടെ വിവിധ കാർഷികോല്പന്നങ്ങളുടെ ഉല്പാദന വർദ്ധനവിൽ ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ കാർഷികമേഖലയുടെ സമഗ്രവികസനം

3264 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും, പ്രത്യേക കർമ്മപരിപാടികളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും വ്യക്തമാക്കാമോ; ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## വർക്കല മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ

3265 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലുള്ള സർക്കാരിന്റെയും കാലത്ത് വർക്കല മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി

3266 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി സൗഹൃദ നെൽകൃഷി, ജൈവകൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കാർഷിക വികസന പദ്ധതികൾ

3267 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## വിദ്യാലയ കൃഷി പരിപോഷിപ്പിക്കൽ

3268 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ കുട്ടികളിൽ കൃഷിയിൽ താല്പര്യം ജനിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തന പദ്ധതികളാണ് കൃഷിവകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കുന്നത്; വ്യക്തമാക്കുമോ;

(ബി) കയ്പമംഗലം മണ്ഡലത്തിൽ വിദ്യാലയ കൃഷി പരിപോഷിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്; വ്യക്തമാക്കുമോ?

## തരൂർ മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

3269 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെ തരൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി കൃഷി

3270 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ലാഭകരമല്ലാതാകുന്ന സാഹചര്യത്തിൽ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി കൃഷിയെ പുനരുജ്ജീവിപ്പിച്ച് ലാഭകരമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) നിർമ്മിത ബുദ്ധി, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് അടക്കം ഉപയോഗപ്പെടുത്തുന്ന കൃഷി രീതി പ്രോത്സാഹിപ്പിക്കാൻ സർക്കാർ നൽകിവരുന്ന സഹായം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

3271 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ കൃഷി വകുപ്പിന്റെ കീഴിൽ പയ്യന്നൂർ നിയോജക മണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും ഓരോന്നിന്റേയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കാർഷിക പാക്കേജുകളുടെ വിശദാംശങ്ങൾ

3272 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കി വരുന്ന കാർഷിക പാക്കേജുകളുടെ ആകെ അടങ്കൽ തുക എത്രയാണ്; ഇതിൽ നാളിതുവരെ എത്ര തുക അനുവദിച്ചുവെന്ന് പാക്കേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നറിയിക്കുമോ; ഇത്, അനുവദിച്ച തുകയുടെ എത്ര ശതമാനം വരുമെന്നറിയിക്കുമോ;

(സി) പ്രസ്തുത പാക്കേജുകൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പാക്കേജുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിന് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ കാരണമായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതി കണക്ഷനുകൾക്ക് നൽകിവരുന്ന സബ്സിഡി

3273 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതി കണക്ഷനുകൾക്ക് നൽകിവരുന്ന സബ്സിഡി യഥാസമയം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വൈദ്യുതി വിഛേദിക്കൽ ഉൾപ്പെടെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വിഷരഹിത ഭക്ഷണം ജനങ്ങളിലേക്കെത്തിക്കുന്നതിന് നടപടി

3274 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്ന ഉദ്ദേശത്തോടെ വിഷരഹിത ഭക്ഷണം ജനങ്ങളിലേക്ക് എത്തിക്കുക എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി കൃഷിഭവനുകൾ വഴി കർഷകർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ കർഷകർക്ക് ലഭ്യമാകുന്നത്; വിശദാംശം നൽകാമോ?

## മാരക വിഷം കലർന്ന പച്ചക്കറികൾ പരിശോധിക്കാൻ നടപടി

3275 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന മാരക വിഷം കലർന്ന കീടനാശിനികളും രാസവസ്തുക്കളും പ്രയോഗിച്ച പച്ചക്കറികൾ പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പരിശോധനകൾക്കായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കേരള വിപണിയിലേയ്ക്ക് പച്ചക്കറി വിളയിക്കുന്ന അന്യസംസ്ഥാനങ്ങളിലെ കൃഷിയിടങ്ങളിൽ പരിശോധന ഊർജ്ജിതമാക്കാൻ സാധ്യതയുണ്ടോ;

(ഡി) മാരക വിഷം കലർന്ന എത്ര അളവ് പച്ചക്കറി ദിനംപ്രതി സംസ്ഥാനത്തെത്തുന്നു എന്നാണ് വകുപ്പ് വിലയിരുത്തുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## <u>വിഷരഹിത പച്ചക്കറി ഉല്പാദനം</u>

3276 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉല്പാദനം വർധിപ്പിക്കുന്നതിന് 2021 മുതൽ നാളിതുവരെ കഴിഞ്ഞ അഞ്ച് വർഷം എന്തൊക്കെ പദ്ധതികളാണ് കൃഷി വകുപ്പ് വഴി നടപ്പിലാക്കിയതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കായി ഓരോ വർഷവും എത്ര തുക ചിലവാക്കിയെന്ന് പദ്ധതി തിരിച്ച് വിശദീകരിക്കുമോ; കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വിപണി കണ്ടെത്തുവാൻ കർഷകർ ബുദ്ധിമുട്ടുന്നത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ അഞ്ചു വർഷം കൃഷി വകുപ്പ് നേരിട്ട് ഏതൊക്കെ നിയോജകമണ്ഡലങ്ങളിലെ ഏതൊക്കെ സ്ഥലങ്ങളിൽ കാർഷിക വിപണികൾ ഏർപ്പെടുത്തി; വിശദീകരിക്കുമോ;

(ഇ) എല്ലാ നിയോജകമണ്ഡലങ്ങളിലും കാർഷിക വിപണികൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

## <u>കേരളത്തിലെ നെൽകൃഷി</u>

3277 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയലുകളിൽ എത്ര ഏക്കർ ഭൂമിയിൽ ആണ് നെൽകൃഷി നടത്തുന്നതെന്നും നെൽകൃഷി മേഖലയിൽ എത്ര ഏക്കർ ഭൂമി തരിശിടുന്നുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## നാളികേര കർഷകരുടെ പ്രതിസന്ധി

3278 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന തേങ്ങകളുടെ എണ്ണം കുറഞ്ഞുവരുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തന്മൂലം സംസ്ഥാനത്തിന്റെ കാർഷിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിൽ ഉണ്ടാകാവുന്ന പ്രതികൂല മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തെങ്ങുകൃഷിയിലും തേങ്ങ വിപണന മേഖലകളിലുമുള്ള പ്രശ്നങ്ങൾ സമഗ്രമായി പഠനം നടത്തി പരിഹാരം കാണുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

3279 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച കേരഗ്രാമം പദ്ധതികളുടെയും, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങളും അറിയിക്കുമോ?

## നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

3280 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര ഉല്പാദനം കുറഞ്ഞുവരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നാളികേരത്തിന്റെ വിലസ്ഥിരത ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്

3281 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ താങ്ങുവില ഉറപ്പാക്കാൻ നിർദ്ദേശിക്കുന്ന സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കാർഷിക വിളകളുടെ ഉല്പാദന ചെലവ് ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിൽ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## <u>കേര പദ്ധതി</u>

3282 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് സഹായത്തോടെയുള്ള കേര പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ എവിടെയൊക്കെയാണ് നടപ്പിലാക്കുന്നത്;

(ബി) പദ്ധതിക്ക് എത്ര കോടി രൂപയാണ് ലോക ബാങ്ക് സഹായമായി ലഭിച്ചത്; വിശദമായ കണക്കുകൾ ലഭ്യമാക്കാമോ;

(സി) ആകെ അടങ്കൽ തുക എത്രയാണ്; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചു; കണക്കുകൾ വിശദമാക്കാമോ;

(ഡി) കേര കർഷകർക്ക് എന്തൊക്കെ സഹായമാണ് ഈ പദ്ധതി നടപ്പിലാക്കുക വഴി നൽകുന്നത്;

(ഇ) ഈ പദ്ധതി വഴി രോഗ കീടബാധ തടയുന്നതിന് സഹായം നൽകുവാൻ കഴിയുമോ; എങ്കിൽ ഈ പദ്ധതിയിൽ നിന്നും നാളിതു വരെ എത്ര രൂപ ഇതിനായി ചെലവഴിച്ചു; വിശദമാക്കാമോ?

## <u>സഹായം വൈകിയതിനെ തുടർന്നുള്ള കർഷക ആത്മഹത്യ</u>

3283 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മികച്ച പച്ചക്കറി കർഷകനുള്ള സർക്കാർ പുരസ്കാരം ലഭിച്ച അമ്പാട്ട് ഏലിയാസ് എന്ന കർഷകൻ കടബാധ്യത മൂലം ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കർഷകന് കൃഷി വകുപ്പിൽ നിന്നും ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായം കൃത്യസമയത്ത് ലഭ്യമാക്കാത്തതാണ് ആത്മഹത്യക്ക് കാരണമായതെന്ന ബന്ധുക്കളുടെ പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) കർഷകൻ ആത്മഹത്യ ചെയ്തതിന്റെ തൊട്ടടുത്ത ദിവസമാണോ ടിയാന് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായം അദ്ദേഹത്തിന്റെ അക്കൗണ്ടിൽ എത്തിയത്; ആയതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് കൃഷി ആനുകൂല്യങ്ങൾക്കും സബ്സിഡികൾക്കുമായി അപേക്ഷ നൽകി കാത്തിരിക്കുന്ന കർഷകരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ആയവർക്കുള്ള കുടിശിക തീർപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം**

3284 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിൽ കൃഷി നാശം സംഭവിച്ച എത്ര കർഷകർക്കാണ് നിലവിലെ സർക്കാരിന്റെ കാലയളവിൽ നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരമായി അനുവദിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിനായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ കൂൺ ഗ്രാമം പദ്ധതി**

3285 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷനുമായി ചേർന്ന് കൂൺ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള കൂൺ ഗ്രാമം പദ്ധതിയിൽ മണലൂർ മണ്ഡലത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ മണലൂർ മണ്ഡലത്തിൽ കൂൺ ഗ്രാമം പദ്ധതി എന്നാണ് ആരംഭിച്ചതെന്നും എത്ര ഉല്പാദന യൂണിറ്റുകൾ ആരംഭിക്കാനായെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കൂൺ ഗ്രാമം പദ്ധതിയുടെ ഭാഗമായി കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

**മണലൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി. (KLDC) യുടെ കീഴിലെ പദ്ധതികൾ**

3286 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ (കെ.എൽ.ഡി.സി.) മുഖേന മണലൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ്;

(സി) മണ്ഡലത്തിൽ കെ.എൽ.ഡി.സി.യുടെ കീഴിൽ നിലവിൽ ഏതെങ്കിലും പദ്ധതി പുരോഗമിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ കോൾ നിലങ്ങളിലെ ചാലുകൾ വൃത്തിയാക്കുന്നതിനും ബണ്ടുകൾ ബലപ്പെടുത്തുന്നതിനും ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

## ആലപ്പുഴ നിയോജകമണ്ഡലത്തിലെ കെ.എൽ.ഡി. സി. പദ്ധതികൾ

3287 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെ. എൽ. ഡി. സി) കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ആയതിന് അനുവദിച്ച പദ്ധതി തുക ഉൾപ്പെടെയുള്ള കണക്ക് ലഭ്യമാക്കാമോ?

## പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള തോട്ടങ്ങളിൽ വരുന്ന ഒഴിവുകൾ

3288 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വനത്തിനുള്ളിലായി പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള വാണിയമ്പുഴ, പുഞ്ചക്കൊല്ലി, പാലക്കയം എന്നീ തോട്ടങ്ങളിൽ വരുന്ന ഒഴിവുകളിലേക്ക് ആയതിന്റെ സമീപപ്രദേശത്തെ 10 ഉന്നതികളിൽ വസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നുള്ളവരെ പരിഗണിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കൃഷി വകുപ്പിലെ താത്കാലിക നിയമനങ്ങൾ

3289 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയെന്നും മറ്റു നിയമനങ്ങൾ ഏത് ഏജൻസി മുഖേന നടപ്പാക്കിയെന്നും വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്നതിന്റെ വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യാകാപ്പ് നവീകരണം

3290 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യാകാപ്പ് നവീകരണം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത കാർഷിക പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ പദ്ധതിയുടെ ഡി.പി.ആർ അടങ്ങിയ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളത്; ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതി</u>

3291 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സൗഹൃദ നെൽകൃഷി, ജൈവകൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ ചെലവഴിച്ച തുക എത്ര; വിശദമാക്കാമോ;

(സി) ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ആലത്തൂർ മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിക്ക് കൃഷി വ്യാപിപ്പിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ നെല്ല്, നാളികേരം ഉല്പാദനം</u>

3292 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 വർഷ കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ നെല്ല്, നാളികേരം എന്നിവയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ കൃഷിഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ നെല്ല്, നാളികേരം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അടങ്കൽ തുക സഹിതം കൃഷിഭവൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## <u>കർഷക കടാശ്വാസ കമ്മീഷൻ</u>

3293 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ചെയർമാനും പേഴ്സണൽ സ്റ്റാഫിനുമായി ശമ്പളം, ടി.എ. മറ്റു അലവൻസുകൾ ഉൾപ്പെടെ 2016-17 മുതൽ 2025-26 നാളിതുവരെ ഓരോ വർഷവും ചെലവായ തുക എത്ര എന്ന് വിശദമാക്കാമോ;

(ബി) കമ്മീഷൻ ചെയർമാന് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ; ചെയർമാന് ഔദ്യോഗിക വസതി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ചെയർമാന്റെ പേഴ്സണൽ സ്റ്റാഫുകൾ ആരെല്ലാമെന്നും എല്ലാവരും കമ്മീഷൻ ഓഫീസിൽ തന്നെയാണോ ജോലി ചെയ്യുന്നത് എന്നും വിശദമാക്കുമോ; ഇവരിൽ റീ എംപ്ലോയ്മെന്റ് നിയമനം ലഭിച്ച ആരെല്ലാമാണ് ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിൽ ഉള്ളത് എന്നും ഇവരിൽ 60 വയസ്സ് കഴിഞ്ഞവർ ആരെങ്കിലുമുണ്ടോ എന്നും വിശദമാക്കാമോ;

(ഡി) 60 വയസ് കഴിഞ്ഞവർക്ക് കമ്മീഷനിൽ റീ എംപ്ലോയ്മെന്റ് നിയമനം നൽകിയത് സാധൂകരിക്കുന്ന സർക്കാർ തീരുമാനം ഉണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രായപരിധി കഴിഞ്ഞവരെയും തസ്തികയ്ക്ക് അനുസൃതമായ യോഗ്യത ഇല്ലാത്തവരെയും സ്റ്റാഫിൽ നിന്നും ഒഴിവാക്കണമെന്ന സർക്കാർ നിർദ്ദേശം കമ്മീഷൻ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## കൃഷി വകുപ്പ് നൽകിയ പരസ്യങ്ങളുടെ വിശദാംശം

3294 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനങ്ങളുടെ പേര്, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിവരം ലഭ്യമാക്കാമോ?

## കൃഷി വകുപ്പ് നവീകരിച്ച ജലാശയങ്ങൾ

3295 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ കൃഷി വകുപ്പ് നേരിട്ടോ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ മുഖേനയോ നവീകരിച്ച ജലാശയങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## ജൈവ കാർഷിക ഔഷധ കേന്ദ്രങ്ങൾ

3296 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ കാർഷിക ഔഷധ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

## ഫ്രൂട്ട് ക്ലസ്റ്റർ പദ്ധതിയും പഴവർഗ്ഗ കൃഷി വ്യാപനത്തിനുള്ള നടപടികളും

3297 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്രൂട്ട് ക്ലസ്റ്റർ പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) ഹ്രസ്വകാല-വാർഷിക-ദീർഘകാല പഴവർഗ്ഗ വിളകളുടെ കൃഷിവ്യാപനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ;

(സി) പഴവർഗ്ഗ കൃഷിയിലേക്ക് യുവകർഷകരെ ആകർഷിക്കുന്നതിനും നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഉന്നത മൂല്യമുള്ള പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കർഷകരുടെ വരുമാനവും കൃഷി മേഖലയിലെ പ്രതിസന്ധിയും

3298 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പ്രധാന വിളകളായ നെല്ല്, തേങ്ങ, റബ്ബർ, പച്ചക്കറി എന്നിവയുടെ ഉൽപാദനത്തിൽ ഉണ്ടായ വർദ്ധനയോ ഇടിവോ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കർഷകർക്ക് പ്രഖ്യാപിച്ച കുറഞ്ഞ പിന്തുണാ വില (എം.എസ്.പി) സംസ്ഥാനത്ത് യഥാർത്ഥത്തിൽ ലഭ്യമാകുന്നുണ്ടോ; ലഭ്യമാകുന്നില്ലെങ്കിൽ ആയതിന് കാരണമായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കൃഷി ഉൽപന്നങ്ങളുടെ വിപണനത്തിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഇടപെടലുകൾ എന്തെല്ലാമാണ്; വിപണി ഇടപെടൽ പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുക എത്ര; ആയതിലൂടെ ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണ് വെളിപ്പെടുത്തുമോ;

(ഡി) കാലാവസ്ഥ വ്യതിയാനവും അതിവൃഷ്ടി/വരൾച്ചയും മൂലം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; സംസ്ഥാനത്ത് യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് ആരംഭിച്ച പദ്ധതികളുടെ പ്രായോഗിക ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ?

## വിള നിർണയവും ബഡ്ജറ്റിംഗും

3299 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക പാരിസ്ഥിതിക മേഖലയും കാർഷിക പാരിസ്ഥിതിക യൂണിറ്റും അനുവർത്തിച്ചിട്ടുള്ള കൃഷിരീതിയും അതിനനുസരിച്ചിട്ടുള്ള വിള നിർണയവും ബഡ്ജറ്റിംഗും നടപ്പിലായി കഴിഞ്ഞിട്ടുണ്ടോ;

(ബി) എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി കൃഷിരീതി മെച്ചപ്പെടുത്തുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ സഹായത്തോടുകൂടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വ്യക്തമാക്കാമോ?

## വളാഞ്ചേരി സ്റ്റേഡിയം ഭൂമി തരംമാറ്റം

3300 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ സ്റ്റേഡിയം നിർമ്മാണത്തിനായി പരിഗണിക്കുന്ന ഭൂമി തരംമാറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ കൃഷി വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏതു ഓഫീസിന്റെ പരിഗണനയിലാണെന്നും ആയതിന്റെ ഫയൽ നമ്പറും ഫയലിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) ഭൂമി തരംമാറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; എന്തെല്ലാം നടപടിക്രമങ്ങൾ കൃഷി വകുപ്പിൽ പൂർത്തിയായിട്ടുണ്ടെന്നും എന്തെല്ലാം നടപടികൾ ഇനി അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ

3301 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിന് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ള കൃഷിഭവനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി

3302 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം വൈപ്പിൻ മണ്ഡലത്തിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

## സോയിൽ സർവേ

3303 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശതമാനം പ്രദേശങ്ങളിലാണ് സോയിൽ സർവേ പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ/ബ്ലോക്ക് അടിസ്ഥാനത്തിൽ സർവേ പൂർത്തിയാകാത്ത പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) അവസാനമായി സോയിൽ സർവേ അപ്ഡേറ്റ് ചെയ്തത് എന്നാണ്; വിശദമാക്കാമോ?

## ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 30 പദ്ധതികൾ

3304 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുപര്യവേക്ഷണ - മണ്ണുസംരക്ഷണവകുപ്പ്, ആർ.ഐ.ഡി.എഫ് 30-ാം ഘട്ടത്തെ പദ്ധതികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നെൽകൃഷി നിലനിർത്തുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുമായി മറ്റത്തകര ഗ്രാമപഞ്ചായത്തിലെ വലിയതോട് - മറ്റത്തകര - കൊട്ടുങ്ങ - മാങ്കുറ്റിപ്പാടം - മോനടി പാടശേഖരങ്ങളുടെ കാർഷിക അഭിവൃദ്ധിക്കായി തോട് സംരക്ഷണം, ചാനൽ നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മണ്ണ്- ജല സംരക്ഷണ പ്രവർത്തനങ്ങൾ

3305 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ആദായം മെച്ചപ്പെടുത്തുന്നതിനായി മണ്ണ് / ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മണ്ണ് പരിശോധനയ്ക്കുള്ള ലബോറട്ടറികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) കൃഷിയിടങ്ങളിൽ നിന്നും നേരിട്ട് ശേഖരിച്ച് പരിശോധനാഫലം അറിയിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുമോ;

(ഡി) മണ്ണിന്റെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ലഹരി വിമുക്ത ക്യാമ്പസുകൾ

3306 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്യാമ്പസുകളിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗവും തന്മൂലമുള്ള അതിക്രമങ്ങളും വർധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ക്യാമ്പസുകളിൽ ലഹരി ലഭ്യത പൂർണ്ണമായും തടയുന്നതിനും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ലഹരി വിമുക്ത ക്യാമ്പസുകൾ എന്ന ലക്ഷ്യത്തോടെ പാഠ്യപദ്ധതിയുമായി സമന്വയിപ്പിച്ച് ഒരു കർമപദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

## സർക്കാർ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നത്

3307 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കോളേജുകളിലാണ് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## പരസ്യങ്ങളുടെ വിശദാംശം

3308 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികവിന്റെ കേന്ദ്രങ്ങൾ

3309 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നവവൈജ്ഞാനിക സമൂഹമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആരംഭിച്ചിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളുടെ (സെന്റേഴ്സ് ഓഫ് എക്സലൻസ്) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മികവിന്റെ കേന്ദ്രങ്ങൾ ഗവേഷണ-അക്കാദമിക രംഗങ്ങളിൽ ഉണ്ടാക്കിയ പുരോഗതി എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന-ഗവേഷണ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മികവിന്റെ കേന്ദ്രങ്ങൾ മുഖേന പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) മികവിന്റെ കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യവസായ-സ്റ്റാർട്ടപ്പ് മേഖലയുമായി ബന്ധിപ്പിച്ച് തൊഴിൽ സൃഷ്ടിയും നൈപുണ്യവികസനവും ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## <u>ബിരുദ കോഴ്സുകൾ ആകർഷകമാക്കാൻ നടപടി</u>

3310 **ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ ബിരുദ പ്രവേശനത്തിന് ചേരാൻ വിദ്യാർത്ഥികൾ താൽപര്യം കാണിക്കുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കോളേജുകളിൽ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ബിരുദ കോഴ്സുകളിൽ ചേരുന്നതിനുള്ള താല്പര്യമില്ലായ്മയുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ ബിരുദ കോഴ്സുകൾ ആകർഷകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജ്</u>

3311 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുമില്ലാത്ത ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജ് തുടങ്ങുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ നിയോജക മണ്ഡലത്തിൽ സർക്കാർ കോളേജ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി</u>

3312 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകളും സർവകലാശാലകളും ദേശീയതല റാങ്കിംഗും (എൻ.ഐ.ആർ.എഫ്.) അക്രഡിറ്റേഷനും (എൻ.എ.എ.സി.) നേടുന്ന

സ്ഥാപനങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എൻ.എ.എ.സി./എൻ.ഐ.ആർ.എഫ്. റാങ്കിംഗ് നേടുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഉന്നത റാങ്കിംഗും അക്രഡിറ്റേഷനും നേടിയ സ്ഥാപനങ്ങളെ മാതൃകയായി ഉപയോഗിച്ച് മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഗുണനിലവാര മാനദണ്ഡങ്ങൾ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) റാങ്കിംഗിലും അക്രഡിറ്റേഷനിലും പിന്നോക്കം നിൽക്കുന്ന സർക്കാർ, എയ്ഡഡ് കോളേജുകളെയും സർവകലാശാലകളെയും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് വിനിയോഗത്തിൽ അഴിമതി

3313 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് വിനിയോഗത്തിൽ അഴിമതിയും ക്രമക്കേടുകളും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം അഴിമതി നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

## കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

3314 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്തെ സാധ്യത പരിഗണിച്ച് സംസ്ഥാനത്ത് കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങൾ ആരംഭിക്കുന്നവർക്കു വിവിധ അനുമതികൾ ഏകജാലകം വഴി നൽകാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3315 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും ഏതൊക്കെയാണെന്നും ഓരോന്നിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസന പദ്ധതി**

3316 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളെ തൊഴിൽ നിപുണരാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പും കെ-ഡിസ്കുമായി ചേർന്ന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി ലക്ഷ്യമിടുന്നത് എന്തൊക്കെ കാര്യങ്ങളാണ്; വിശദമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിന് ഊന്നൽ നൽകി തൊഴിൽസജ്ജരാക്കി തൊഴിൽക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണെന്ന് വിശദമാക്കാമോ?

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

3317 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്നും അവയിലൂടെ ലഭിച്ച നേട്ടങ്ങളും വിശദമാക്കാമോ?

**കടുത്തുരുത്തി മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ**

3318 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടുത്തുരുത്തി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കടുത്തുരുത്തി മണ്ഡലത്തിലെ ഏതെല്ലാം കോളേജുകൾക്കാണ് അസാപ്, റൂസ ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നത്**

3319 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ഉന്നതവിദ്യാഭ്യാസ ഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്തും വിധം ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കൂത്ത് പറമ്പ് നിയോജക മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖേനയുള്ള പദ്ധതികളുടെ പുരോഗതി

3320 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളുടെ പുരോഗതിയും അനുവദിച്ച തുകയും തരം തിരിച്ച് വിശദമാക്കാമോ;

(ബി) പൂർത്തിയാകാത്ത പദ്ധതികൾ നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്നും, അവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ വികസന പദ്ധതി

3321 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വികസനത്തിനായി പുതിയ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ പഠനറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായത്തിനു വേണ്ടി കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് എത്രയാണ്; പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം സർവകലാശാലകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## സർക്കാർ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കാൻ നടപടി

3322 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കോളേജുകളിലാണ് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ വകുപ്പിലെ താത്കാലിക നിയമനങ്ങൾ

3323 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര നിയമങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയെന്നും മറ്റു നിയമനങ്ങൾ ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

## ഉറുദു അധ്യാപക റാങ്ക് ലിസ്റ്റ്

3324 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറുദു അധ്യാപക റാങ്ക് ലിസ്റ്റ് നിലനിൽക്കെ കഴിഞ്ഞ വർഷം അധ്യാപകരില്ലെന്ന കാരണത്താൽ കുന്നമംഗലം ഗവ. കോളേജിലെ പ്രസ്തുത തസ്തിക മാറ്റാൻ അധികൃതർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവധി പൂർത്തിയായ ഉറുദു, കാലാവധി കഴിയാറായ സോഷ്യോളജി അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഒന്നാം റാങ്കുകാരെ പോലും ഇതുവരെ നിയമിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പി. എസ്. സി. വഴിയുള്ള അസിസ്റ്റന്റ് പ്രൊഫസർ നിയമനം നടപ്പിലാക്കാത്ത സാഹചര്യം നിലനിൽക്കെ സർക്കാരിന് കീഴിലെ സ്ഥാപനമായ ഐ. എ. ജി.-യിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ മൂന്ന് അസിസ്റ്റന്റ് പ്രൊഫസർമാരെ സ്ഥിരം തസ്തികയിൽ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ നൽകാമോ?

## കോളേജ് അധ്യാപക നിയമനങ്ങളിലെ കാലതാമസം

3325 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ അധ്യാപക ഒഴിവുകൾ വർദ്ധിക്കാൻ കാരണമാകുന്ന ഘടകങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കോളേജ് അധ്യാപക നിയമനങ്ങൾ വൈകുന്നതിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) അധ്യാപക ഒഴിവുകൾ നിലനിൽക്കുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ എങ്ങനെ ബാധിക്കുന്നു; വ്യക്തമാക്കാമോ;

(ഡി) കോളേജ് അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നിയമപരവും ഭരണപരവുമായ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; നിലവിൽ ഈ നടപടികൾ ഏത് ഘട്ടത്തിലാണ് തടസ്സപ്പെട്ടിരിക്കുന്നത് എന്ന് കൂടി വ്യക്തമാക്കാമോ;

(ഇ) സ്ഥിരം നിയമനം വൈകുമ്പോൾ ഗസ്റ്റ്, കോൺട്രാക്ട് അധ്യാപകരെ ആശ്രയിക്കുന്നതിന്റെ ഗുണദോഷങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(എഫ്) കോളേജ് അധ്യാപക നിയമനത്തിൽ സുതാര്യതയും സമയബന്ധിതത്വവും ഉറപ്പാക്കാൻ സർക്കാർ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ്;

വ്യക്തമാക്കാമോ;

(ജി) കോളേജ് അധ്യാപക നിയമനത്തിലെ വൈകൽ വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭാവിയെ എങ്ങനെ ബാധിക്കുന്നു; വിശദമാക്കാമോ?

## സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ

3326 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ, എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പുതിയ കോഴ്സുകളും പുതിയ സർക്കാർ കോളേജുകളും

3327 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അധ്യയനവർഷം മുതൽ സർക്കാർ കോളേജുകളിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; കോഴ്സുകളുടെ വിവരം കോളേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) അടുത്ത അധ്യയനവർഷം മുതൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; കോളേജുകളുടെയും അവിടെ ആരംഭിക്കുന്ന കോഴ്സുകളുടെ വിവരവും കോളേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

## പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

3328 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ആവിഷ്കരിച്ച പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ;

(ബി) കിഫ്ബിയിൽ നിന്ന് ധനാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് തന്നെ നിർമ്മാണം ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കൊണ്ടോട്ടി ഗവണ്മെന്റ് കോളേജിന് സ്ഥലം ഏറ്റെടുക്കൽ

3329 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസന പ്രവർത്തങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇതിന്റെ ഭരണാനുമതി ലഭിച്ചതെന്ന് വ്യകത്മാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്ന റവന്യൂ നടപടികൾക്ക് ഇത് വരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കോളേജിന്റെ എൻ. ഒ. സി. പുതുക്കാൻ നടപടി

3330 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ സെൽഫ് ഫിനാൻസ് കോളേജിന്റെ എൻ. ഒ. സി. പുതുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## ശ്രീകൃഷ്ണ കോളേജിലെ ഫംഗ്ഷണൽ ഇംഗ്ലീഷ് കോഴ്സ് എയ്ഡഡാക്കി മാറ്റാൻ നടപടി

3331 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ശ്രീകൃഷ്ണ കോളേജിൽ നിലവിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സായ ഫംഗ്ഷണൽ ഇംഗ്ലീഷ് കോഴ്സിനെ എയ്ഡഡാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) 1998 മുതൽ പ്രസ്തുത കോളേജിലുള്ള ഫംഗ്ഷണൽ ഇംഗ്ലീഷ് കോഴ്സിനൊപ്പം തുടങ്ങിയ ബയോ കെമിസ്ട്രി കോഴ്സിന് അംഗീകാരം ലഭിച്ചെങ്കിലും ഫംഗ്ഷണൽ ഇംഗ്ലീഷ് കോഴ്സിന് അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ ആയതിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## അറബിക് കോളേജിയേറ്റ് വിഭാഗത്തിലെ ഒഴിവുകൾ

3332 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഓഗസ്റ്റ് മുതൽ 2027 ജനുവരി വരെയുള്ള കാലയളവിൽ റിട്ടയർമെന്റ് വഴിയും മറ്റുവിധത്തിലും അറബിക് കോളേജിയേറ്റ് വിഭാഗത്തിൽ ഉണ്ടായതും ഉണ്ടാകാനിരിക്കുന്നതുമായ ഒഴിവുകളുടെ എണ്ണം, വർഷം, കോളേജ്, തസ്തികകളുടെ പേര് എന്നിവ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ കോളേജുകളിലെ അറബിക് പിജി, ഡിഗ്രി (പഴയ സ്കീം, പുതിയ സ്കീം (എഫ്. വൈ. യു. ജി. പി), സിംഗിൾ ഫാക്കൽറ്റി ഉൾപ്പെടെയുള്ള) പഠന വകുപ്പുകളിലെ വർക്ക് ലോഡ് കോളേജ് തിരിച്ച് ലഭ്യമാക്കാമോ;

(സി) സർക്കാർ കോളേജുകളിലെ അറബിക് പഠന വകുപ്പുകളിൽ നിലവിൽ ജോലി ചെയ്യുന്ന അതിഥി അധ്യാപകരുടെ എണ്ണവും പേരും അവർക്ക് നല്കപ്പെട്ട വർക്ക്

ലോഡും കോളേജ് തിരിച്ച് ലഭ്യമാക്കാമോ?

**<u>അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ നിന്നുള്ള അപേക്ഷകരുടെ എണ്ണം</u>**

3333 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര വിദ്യാർത്ഥികളായ അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അപേക്ഷകരുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അന്താരാഷ്ട്ര നിലവാരത്തിൽ നാലുവർഷ ഡിഗ്രി ആരംഭിച്ചതും, ദേശീയ രാജ്യാന്തര റാങ്കിങ്ങുകളിൽ കേരളത്തിലെ സർവകലാശാലകൾ മികവിലേക്കുയർന്നതും വിദേശ അപേക്ഷകരുടെ വർദ്ധനവിന് കാരണമായിട്ടുണ്ടോ; വർദ്ധനവിനിടയാക്കിയ മറ്റെന്തെല്ലാം ഘടകങ്ങളാണ് ഉള്ളത്; വിശദാംശങ്ങൾ നൽകാമോ?

**<u>സർക്കാർ/എയ്ഡഡ് ബി. എഡ്. കോളേജുകളുടെ അപര്യാപ്തത</u>**

3334 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് ബി. എഡ്. കോളേജുകളുടെ അപര്യാപ്തത പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) സർക്കാർ കോളേജുകളിൽ ഐ. റ്റി. ഇ. പി. പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കൊണ്ടോട്ടിയിൽ നിന്നും ഇത് സംബന്ധിച്ച് താല്പര്യം പ്രകടിപ്പിച്ച് നിവേദനം നൽകിയിട്ടുണ്ടോ; നിവേദനത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

**<u>ചെറുവത്തൂർ ജൂനിയർ ടെക്നിക്കൽ സ്കൂളിനു പുതിയ കെട്ടിടങ്ങൾ</u>**

3335 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ജൂനിയർ ടെക്നിക്കൽ സ്കൂളിലെ കാലപ്പഴക്കം ചെന്ന ആസ്ബറ്റോസ് കെട്ടിടങ്ങൾ പൊളിച്ചു മാറ്റി പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് നബാർഡ് ധനസഹായത്തോടെ അനുവദിച്ച 12 കോടി രൂപ ലാപ്സാകാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ; ആസ്ബറ്റോസ് കെട്ടിടം വഴി ഗുരുതര ആരോഗ്യപ്രശ്നമുള്ളതിനാൽ തുക പുനസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>ടെക്സ്റ്റൈൽ ടെക്നോളജിയിൽ ബി. ടെക്. കോഴ്സ് ആരംഭിക്കുന്നത്</u>**

3336 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലെ സൗകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്തി തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലോ ബാർട്ടൻ ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലോ ടെക്സ്റ്റൈൽ ടെക്നോളജിയിൽ ബി. ടെക്. കോഴ്സ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ പുതുതായി ഏതെങ്കിലും കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം

3337 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിയ്ക്കായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതിയും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## തീരദേശ മണ്ഡലങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

3338 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമെന്ന സർക്കാർ പ്രഖ്യാപന പ്രകാരം ഏതൊക്കെ മണ്ഡലങ്ങളിലാണ് പ്രസ്തുത സ്ഥാപനങ്ങൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) തീരദേശ മണ്ഡലമായ തിരൂർ നിയോജകമണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അതിനു വേണ്ടി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## കുറിച്ചി ടെക്നിക്കൽ സ്കൂളിന് സ്ഥലം ഏറ്റെടുക്കാൻ നടപടി

3339 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചി ടെക്നിക്കൽ സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് 10.01.2025-ലെ സ.ഉ.(സാധാ) നം.59/2025/എച്ച്. ഇ. ഡി. എൻ. പ്രകാരം തുക അനുവദിച്ചതിന് ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

## ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സർവ്വീസ് ചട്ടങ്ങൾ ഭേദഗതി

3340 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ 2025 നവംബർ മാസം നടപ്പാക്കിയ എല്ലാം പ്രൊമോഷനുകളും സർവ്വീസ് ചട്ടങ്ങളിലെ മാനദണ്ഡങ്ങളും യോഗ്യതകളും പാലിച്ചുകൊണ്ടാണോ നടത്തിയിരിക്കുന്നത്; ഓരോ ജീവനക്കാർക്കും നൽകിയിരിക്കുന്ന സ്ഥാനക്കയറ്റങ്ങൾ ഏത് തസ്തിക/അടിസ്ഥാന ശമ്പളത്തിൽ നിന്നും ഏത് തസ്തിക/ അടിസ്ഥാന ശമ്പളത്തിലേക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ 05.10.2021-ലെ സ. ഉ. (കൈ) 418/2021 നമ്പർ ഉത്തരവിലെ പ്രമോഷനുമായി ബന്ധപ്പെട്ട് പാലിക്കപ്പെട്ട നിബന്ധനകൾ എല്ലാം ഇപ്പോൾ നടപ്പാക്കിയ പ്രമോഷനുകളിലും പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർവ്വീസ് ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ ഏതെങ്കിലും തസ്തികകളിലേക്കുള്ള ഒഴിവുകൾ ഡെപ്യൂട്ടേഷൻ നിയമനം വഴി നികത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; അപ്രകാരമുള്ള തസ്തികയിലേക്കുള്ള ഒഴിവ് ഇന്റേണൽ സെലക്ഷൻ വഴി നികത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലെ സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതുമായി ബന്ധപ്പെട്ട് തുക എന്തെങ്കിലും ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശാദംശം ലഭ്യമാക്കുമോ;

(ഇ) പതിനാല് വർഷത്തിൽ ഏറെയായി ഹയർ ഗ്രേഡോ, പ്രമോഷനോ ലഭിക്കാത്ത എത്ര ജീവനക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; ഉണ്ടെങ്കിൽ അവർക്ക് പ്രമോഷനോ ഹയർ ഗ്രേഡോ അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുമോ?

## മറ്റ് സംസ്ഥാന യൂണിവേഴ്സിറ്റികളിലെ പി. എച്ച്. ഡി, എം. ഫിൽ കോഴ്സുകൾക്ക് ഇക്വലൻസി സർട്ടിഫിക്കറ്റ്

3341 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളിൽ നിന്നും പൂർത്തീകരിക്കുന്ന പി. എച്ച്. ഡി, എം. ഫിൽ കോഴ്സുകൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിന്നും ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോ; എങ്കിൽ ഇവ നൽകുന്നതിന് ബന്ധപ്പെട്ട വ്യക്തി നേടിയ സർട്ടിഫിക്കറ്റുകൾക്ക് പുറമേ എന്തെല്ലാം സർട്ടിഫിക്കറ്റുകളാണ് ആവശ്യപ്പെടുന്നതെന്ന് കേരള, കാലിക്കറ്റ്, മഹാത്മാ ഗാന്ധി, കണ്ണൂർ യൂണിവേഴ്സിറ്റികൾ തിരിച്ച് വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് പുറമേ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾക്ക് പ്രത്യേക മാതൃകകൾ ഉണ്ടോ; എങ്കിൽ കേരളത്തിലെ യൂണിവേഴ്സിറ്റികൾ ആവശ്യപ്പെടുന്ന ഇവയുടെ മാതൃകകൾ ഇനം തിരിച്ചും വിശദമാക്കാമോ;

(സി) ഇത്തരം കോഴ്സുകളുടെ തുല്യത സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് പുറമേ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾക്ക് ഏകീകൃത സ്വഭാവമില്ലാത്തതും ഈ സർട്ടിഫിക്കറ്റുകൾ കോഴ്സ് പൂർത്തീകരിക്കുന്ന സർവ്വകലാശാലകളിൽ ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസവും പ്രയാസവും കാരണം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളത്തിന് പുറത്തുള്ള സെൻട്രൽ യൂണിവേഴ്സിറ്റി, സ്റ്റേറ്റ് യൂണിവേഴ്സിറ്റി അടക്കമുള്ള സർവ്വകലാശാലകളിൽനിന്നും നേടുന്ന വിവിധ കോഴ്സുകൾക്ക് ഇക്വലൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് പൊതു മാനദണ്ഡം കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ദേശീയപാത വികസനത്തിന് ഏറ്റെടുത്ത സ്ഥലം</u>

3342 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ സ്ഥലത്തിന്റെ അളവ് എത്രയാണെന്ന് സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(ബി) കാലിക്കറ്റ് സർവ്വകലാശാലയുടെ ആസ്ഥാനത്തും അതിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും എത്ര ഭൂമി ദേശീയപാത വികസനത്തിന് ഏറ്റെടുത്തിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുത്ത ഇനത്തിലുള്ള ഭൂമിയുടെയും കെട്ടിടത്തിന്റെയും വിലയും മറ്റിനത്തിലുള്ള നഷ്ടപരിഹാരവും എത്രയാണെന്ന് സ്ഥാപനം തിരിച്ച് അറിയിക്കാമോ; പ്രസ്തുത തുകയിൽനിന്നും എത്ര തുക ഭൂമിയും കെട്ടിടവും നഷ്ടപ്പെട്ട സ്ഥാപനങ്ങളുടെ പുനർ നിർമ്മിതിക്കും വികസനത്തിനും ഉപയോഗിച്ചിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(ഡി) കാലിക്കറ്റ് സർവ്വകലാശാലയുടെ ആസ്ഥാനത്തും അതിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുത്ത ഇനത്തിലുള്ള ഭൂമിയുടെയും കെട്ടിടത്തിന്റെയും വിലയും മറ്റിനത്തിലുള്ള നഷ്ടപരിഹാരവും എത്രയാണെന്ന് സ്ഥാപനം തിരിച്ച് അറിയിക്കാമോ; പ്രസ്തുത തുകയിൽനിന്നും എത്ര തുക ഭൂമിയും കെട്ടിടവും നഷ്ടപ്പെട്ട സ്ഥാപനങ്ങളുടെ പുനർ നിർമ്മിതിക്കും വികസനത്തിനും ഉപയോഗിച്ചിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് അറിയിക്കാമോ?

## <u>അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ</u>

3343 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ വിദ്യാർത്ഥികൾ സമർപ്പിച്ച ഹർജിയിൽ ബഹു. സുപ്രീം കോടതി 2026-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഉത്തരവിൽ പറയുന്ന കാര്യങ്ങൾ വിശദമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകൾ**

3344 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിലെ അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകളിൽ, ഒന്നാം റാങ്കുകാർക്ക് പോലും നിയമനം നൽകാതെ കാലാവധി അവസാനിക്കുകയോ നിലനിൽക്കുന്നതോ ആയ റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

**സംസ്കൃത സർവ്വകലാശാലയുടെ ഡി. ലിറ്റ് നൽകാനുള്ള തീരുമാനം**

3345 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ 1-ന് ചേർന്ന സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ ചലച്ചിത്ര നടി ശോഭന, മുൻ വൈസ് ചാൻസലർ ഡോ. എൻ. പി. ഉണ്ണി, സംഗീതജ്ഞൻ ടി. എം. കൃഷ്ണ എന്നിവർക്ക് ഡി. ലിറ്റ് നൽകാൻ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ തീരുമാനമെടുത്ത് നാളുകളേറെയായിട്ടും ഇവർക്ക് ഡി. ലിറ്റ് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ;

(സി) സർവ്വകലാശാല നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയാണോ ഡി. ലിറ്റ് നൽകാൻ കഴിയാത്തതിന് കാരണമെന്ന് വ്യക്തമാക്കാമോ; എങ്കിൽ സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഡി.ലിറ്റ് നൽകാൻ തീരുമാനിക്കുന്നതിനും അത് പ്രഖ്യാപിക്കുന്നതിനും ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഡി. ലിറ്റ് നൽകുന്നതിനായി സർവ്വകലാശാലക്ക് ഉണ്ടാകുന്ന ചെലവുകളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഇ) സർവ്വകലാശാല നിലവിൽ കടബാധ്യതയിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ സർവ്വകലാശാലയുടെ നിലവിലെ ആകെ കടബാധ്യത എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഏതൊക്കെ ഈടുകളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് സർവ്വകലാശാല കടമെടുത്തിട്ടുള്ളതെന്നതിന്റെ വിശദാംശം

ലഭ്യമാക്കാമോ?

**<u>ഇതര സംസ്ഥാന യൂണിവേഴ്സിറ്റികളിലെ അംഗീകാരമുള്ള കോഴ്സുകൾ</u>**

3346 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ന് ശേഷം കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്നും വിദൂര വിദ്യാഭ്യാസം മുഖേന നേടിയ പോസ്റ്റ് ഗ്രാജ്വേറ്റ്, അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് കേരളത്തിൽ അംഗീകാരംമുണ്ടോ; വിശദമാക്കാമോ;

(ബി) തമിഴ്നാട്ടിലെ അണ്ണാമലൈ, മധുര കാമരാജ്, മനോന്മണീയം സുന്ദര നാടാർ (എം. എസ്.), പോണ്ടിച്ചേരി, മദ്രാസ്, ഭാരതിയാർ, ഭാരതിദാസൻ എന്നീ യൂണിവേഴ്സിറ്റികളുടെയും തിരുപ്പതി ശ്രീ. വെങ്കടേശ്വര, ആന്ധ്രാ പ്രദേശിലെ ദ്രവീഡിയൻ എന്നീ യൂണിവേഴ്സിറ്റികളുടെയും പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് സംസ്ഥാനത്ത് ജോലിക്കും തുടർ പഠനത്തിനും അംഗീകാരം നൽകുന്നുണ്ടോ; എങ്കിൽ ഇവക്ക് ഏതെല്ലാം യൂണിവേഴ്സിറ്റികളാണ് ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നത്; ഇക്വലൻസി നൽകുന്ന കോഴ്സുകളും യൂണിവേഴ്സിറ്റികളും ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ഇതര യൂണിവേഴ്സിറ്റികൾ നടത്തുന്ന ഓൺലൈൻ കോഴ്സുകൾക്ക് കേരളത്തിൽ ജോലിക്കും തുടർ പഠനത്തിനും അംഗീകാരം നൽകുന്നുണ്ടോ; ഇക്വലൻസി നൽകുന്ന കോഴ്സുകളും, യൂണിവേഴ്സിറ്റികളും ഇനം തിരിച്ചു വിശദമാക്കാമോ;

(ഡി) ആന്ധ്രപ്രദേശ് ദ്രവീഡിയൻ യൂണിവേഴ്സിറ്റിയുടെ പാർട്ട് ടൈം എം.ഫിൽ കോഴ്സുകൾക്ക് കേരളത്തിൽ ജോലിക്കും തുടർ പഠനത്തിനും അംഗീകാരം നൽകുന്നുണ്ടോ; എങ്കിൽ ഇക്വലൻസി നൽകുന്ന യൂണിവേഴ്സിറ്റികൾ ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) തമിഴ് നാട്ടിലെ ഭാരതിദാസൻ, ഭാരതിയാർ, വേൽസ്(പ്രൈവറ്റ്), ഉത്തർ പ്രദേശിലെ വാരനാസി മഹാത്മാഗാന്ധി കാശി വിദ്യപീത് (എം. ജി. കെ. വി. പി. സ്റ്റേറ്റ് യൂണിവേഴ്സിറ്റി) എന്നീ യൂണിവേഴ്സിറ്റികളുടെ പാർട്ട് ടൈം പി.എച്ച്.ഡി. കോഴ്സുകൾക്ക് കേരളത്തിൽ ജോലിക്കും തുടർ പഠനത്തിനും അംഗീകാരം നൽകുന്നുണ്ടോ; എങ്കിൽ ഇക്വലൻസി നൽകുന്ന യൂണിവേഴ്സിറ്റികളുടെ വിവരങ്ങൾ ഇനം തിരിച്ചു വിശദമാക്കാമോ?

**<u>വയനാട്ടിലെ ട്രൈബൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ</u>**

3347 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ട്രൈബൽ യൂണിവേഴ്സിറ്റി പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർവ്വകലാശാലയ്ക്കായി എത്ര ഏക്കർ ഭൂമി മാറ്റിവെച്ചിട്ടുണ്ട്;

(സി) യൂണിവേഴ്സിറ്റിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) ഗോത്രവർഗ്ഗ സംസ്കാരം, ഭാഷ, പൈതൃകം എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനുമായി പ്രത്യേക വിഭാഗങ്ങൾ ഈ സർവ്വകലാശാലയിൽ വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

## ഹൈപ്പർ കൺവെർജ്ഡ് ഇൻഫ്രാസ്ട്രക്ചർ സെർവർ സംവിധാനം

3348 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ ഹൈപ്പർ കൺവെർജ്ഡ് ഇൻഫ്രാസ്ട്രക്ചർ സെർവർ (ഹൈപ്പർ കൺവെർജ്ഡ് ഇൻഫ്രാസ്ട്രക്ചർ ബേസ്ഡ് വിർച്വലൈസേഷൻ ആൻഡ് പ്രൈവറ്റ് ക്ലൗഡ് സിസ്റ്റം) സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ആയതിന്റെ പ്രൊപ്പോസൽ, സ്പെസിഫിക്കേഷൻ, ടേംസ് & കണ്ടീഷൻസ് എന്നിവ നൽകിയ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, നിലവിലെ തസ്തിക എന്നിവ ലഭ്യമാക്കാമോ; പ്രസ്തുത പ്രൊപ്പോസൽ, സ്പെസിഫിക്കേഷൻ, ടേംസ് & കണ്ടീഷൻസ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ പ്രസ്തുത സെർവർ വാങ്ങാനുള്ള സാഹചര്യം എന്തായിരുന്നു; ആയതിന്റെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; വ്യക്തമാക്കാമോ;

(സി) ഹൈപ്പർ കൺവെർജൻസ് ഇൻഫ്രാസ്ട്രക്ചർ സെർവർ വാങ്ങുന്നതിനായുള്ള ശിപാർശകൾ സമർപ്പിച്ച ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു; പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ കൺവീനർ ആയി പ്രവർത്തിച്ച ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, നിലവിലെ തസ്തിക എന്നിവ ലഭ്യമാക്കാമോ;

(ഡി) ടെൻഡർ പ്രകാരം ഹൈപ്പർ കൺവെർജൻസ് ഇൻഫ്രാസ്ട്രക്ചർ സംവിധാനത്തിന് എത്ര വർഷത്തെ വാറണ്ടി, വാർഷിക പരിപാലന കരാർ എന്നിവ ബിഡർ നൽകേണ്ടതായിട്ടുണ്ടായിരുന്നു; ആയത് ബിഡർ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സംവിധാനം ഇൻസ്റ്റാൾ ചെയ്ത കമ്പനി വാറണ്ടി പീരീഡിൽ ശരിയായ പരിപാലനം നടത്തിയിട്ടുണ്ടോ; സപ്ലയർ വാറണ്ടി പീരിയഡിൽ ശരിയായ പരിപാലനം നടത്തിയിട്ടില്ലായെന്ന് സർവകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നുവോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; റിപ്പോർട്ടിന്മേൽ സർവകലാശാല സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാമോ;

(എഫ്) ഹൈപ്പർ കൺവെർജൻസ് ഇൻഫ്രാസ്ട്രക്ചർ സംവിധാനം വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സിൻഡിക്കേറ്റ് മെമ്പർമാർ ഡിസെന്റ് നോട്ട് നൽകിയിട്ടുണ്ടായിരുന്നുവോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ച പ്രസ്തുത ഡിസെന്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ജി) ഹൈപ്പർ കൺവെർജൻസ് ഇൻഫ്രാസ്ട്രക്ചർ സംവിധാനം വാങ്ങുന്നത് സർവകലാശാല ഫണ്ട് ദുരുപയോഗത്തിനും അഴിമതിക്കും കാരണമാകുമെന്ന പ്രസ്തുത സിൻഡിക്കേറ്റ് മെമ്പറുടെ ഡിസെന്റ് നോട്ടിലെ പരാമർശങ്ങളിന്മേൽ

സർവ്വകലാശാല എന്തെങ്കിലും തരത്തിലുള്ള അന്വേഷണമോ നടപടിയോ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>'അസാപ് കണക്ട്' പദ്ധതിയുടെ പ്രവർത്തനം</u>**

3349 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ. ജെ. മാക്സി**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അസാപ് കണക്ട്' പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത പദ്ധതിക്ക് എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ക്ലാസ് മുറികളിലെ പഠനത്തിനു പുറമേ വ്യവസായ മേഖലയ്ക്ക് ആവശ്യമുള്ള പ്രായോഗിക അറിവുകൾ വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിന് പ്രസ്തുത പദ്ധതി വഴി സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി നടത്തിയ പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതികളിൽ അഴിമതിയും ക്രമക്കേടുകളും</u>**

3350 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ പദ്ധതികളിൽ അഴിമതിയും ക്രമക്കേടുകളും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം അഴിമതി നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

**<u>അരുവിക്കര മണ്ഡലത്തിലെ വയോജന സംരക്ഷണ പദ്ധതികൾ</u>**

3351 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വയോജന സംരക്ഷണത്തിനും ക്ഷേമത്തിനുമായി അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

**<u>ആശ്വാസകിരണം പദ്ധതി ധനസഹായം</u>**

3352 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതിയിൽ നാല് വർഷത്തിലധികമായി ലഭിച്ച

അപേക്ഷകളിൽ തീർപ്പ് കല്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ;

(ബി) ഒരു വർഷത്തിലധികമായി ധന സഹായം ലഭിക്കാത്തതു മൂലം രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിച്ച് അടിയന്തരമായി കുടിശ്ശിക വിതരണം ചെയ്യുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിന്മേൽ മാസത്തിൽ അനുവദിക്കുന്ന തുക നാമമാത്രമായതിനാൽ വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## വിദ്യാജ്യോതി പദ്ധതി

3353 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള വിദ്യാജ്യോതി പദ്ധതിയിലൂടെ എത്ര രൂപയാണ് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായമായി നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

## കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ

3354 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുടെ നിലവിലെ പുരോഗതിയും ഇതിനായി അനുവദിച്ച തുകയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

## ഭിന്നശേഷി കുട്ടികളുടെ ഉന്നമനത്തിന് നടപ്പിലാക്കിയ പദ്ധതികൾ

3355 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷി കുട്ടികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) സർവ്വ ശിക്ഷ കേരളം പദ്ധതിയിൽ ഭിന്നശേഷി വിദ്യാർത്ഥികളുടെ ഉന്നമനത്തിന് വേണ്ടി നിയമിച്ച താത്കാലിക അധ്യാപകരെ സ്ഥിരപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## മലപ്പുറം മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

3356 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാലയളവിൽ മലപ്പുറം നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ ഭിന്നശേഷിക്കാരുടെ പുരോഗതിക്കായി മാത്രം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ ബജറ്റിൽ (2025-26) അനുവദിച്ച ഏതെങ്കിലും പദ്ധതികൾ ഇനിയും പൂർത്തീകരിക്കുവാൻ ഉണ്ടോയെന്നും പുതിയ ഏതെങ്കിലും പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

## സൗജന്യമായി കേൾവി പരിശോധനയും ആവശ്യമായ ചികിത്സയും ലഭ്യമാക്കുന്ന പദ്ധതി

3357 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ എം നൗഷാദ്**
**ശ്രീ വി ജോയി**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവജാത ശിശുക്കൾക്കും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്കും കേൾവി വൈകല്യം നേരത്തെ കണ്ടെത്തി തടയുന്നതിന്റെ ഭാഗമായി സൗജന്യമായി കേൾവി പരിശോധനയും ആവശ്യമായ ചികിത്സയും ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കേൾവി പ്രശ്നമുള്ള കുട്ടികളിൽ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനായുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) കേൾവി വൈകല്യം സ്ഥിരീകരിക്കുന്ന കുട്ടികൾക്ക് തെറാപ്പികൾ, ശ്രവണ ഉപകരണങ്ങൾ, കോക്ലിയാർ ഇംപ്ലാന്റേഷൻ, തുടർചികിത്സ എന്നിവ നൽകുന്നതിനുള്ള സംവിധാനമുണ്ടോ; വിശദാംശം നൽകാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ സാമൂഹ്യ നീതി വകുപ്പ് പദ്ധതികൾ

3358 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

## വയോമിത്രം പദ്ധതി

3359 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതിയിലൂടെ നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## നെഫ്രോട്ടിക് സിൻഡ്രോമുള്ള കുട്ടികൾക്ക് യുണീക്ക് ഡിസെബിലിറ്റി ഐ.ഡി. കാർഡ്

3360 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെഫ്രോട്ടിക് സിൻഡ്രോമുള്ള കുട്ടികൾക്ക് നിലവിൽ യുണീക്ക് ഡിസെബിലിറ്റി ഐ.ഡി. കാർഡ് ലഭിക്കുന്നില്ലായെന്നും അതു കാരണം ഇത്തരത്തിലുള്ള കുട്ടികൾക്ക് യാതൊരു വിധ ആനുകൂല്യവും കിട്ടുന്നില്ലായെന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) യുണീക്ക് ഡിസെബിലിറ്റി ഐ.ഡി. കാർഡ് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## അൻപ് വീട് പദ്ധതി

3361 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗങ്ങൾക്ക് അൻപ് വീട് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കാട്ടാക്കട പഞ്ചായത്തിൽ ഭിന്നശേഷി പുനരധിവാസ ഗ്രാമം പദ്ധതി

3362 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ ഭിന്നശേഷി പുനരധിവാസ ഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും തുടർ നടപടികളും വിശദമാക്കാമോ; പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഭിന്നശേഷിക്കാർക്കായുള്ള ക്ഷേമപദ്ധതികൾ

3363 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് സർക്കാർ നിലവിൽ നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ?

## ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി

3364 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന

നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സ്വയംതൊഴിൽ, സംരംഭകത്വം, നൈപുണ്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ മുഖേന ധനസഹായ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാഭ്യാസം, പുനരധിവാസം, ആരോഗ്യപരിചരണം തുടങ്ങിയ മേഖലകളിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി കോർപ്പറേഷൻ സ്വീകരിച്ചിരിക്കുന്ന പ്രത്യേക പദ്ധതികളും അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തുല്യ അവസരങ്ങളും സേവനലഭ്യതയും ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഹോർട്ടികൾച്ചറൽ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം

3365 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികൾച്ചറൽ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട് നൂതന ഇടപെടലുകൾ നടത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷി പരിപാലനത്തിന്റെ ഭാഗമായി സോഷ്യൽ ഫാമിങ് ഉപയോഗപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചറൽ തെറാപ്പി ഗാർഡൻ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ?

## സാമൂഹിക നീതി വകുപ്പ് വർക്കല മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

3366 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും സാമൂഹിക നീതി വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ; അവയ്ക്കായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

## വയോജന പരിപാലനം

3367 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വയോജനങ്ങളുടെ അനുപാതം വർദ്ധിച്ചുവരുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഗണിച്ചിട്ടുണ്ടോ; അവ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വയോജന പരിപാലനവും ശുശ്രൂഷയും ഭാവിയിൽ കൂടുതലായി വേണ്ടിവരുമെന്നത് കണക്കിലെടുത്ത് അതനുസരിച്ചുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ;

(സി) വയോജന പരിപാലനത്തിനുള്ള പരിശീലന സ്ഥാപനങ്ങളേതെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സാമൂഹ്യ നീതിവകുപ്പിന്റെ കീഴിൽ ഇതിനായി ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

## താത്കാലിക നിയമനങ്ങൾ

3368 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ, ദിവസവേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്; കൂടാതെ, മറ്റ് നിയമനങ്ങൾ നടത്തിയ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്നുള്ള വിശദാംശങ്ങൾ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

## കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

3369 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പരസ്യങ്ങളുടെ വിശദാംശം

3370 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനങ്ങളുടെ പേര്, പരസ്യത്തിനായി ചെലവഴിച്ച തുക, പരസ്യം നൽകിയ ഏജൻസി, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിശദാംശം ലഭ്യമാക്കാമോ?

## പൊതു ഗതാഗത രംഗത്തെ ഡിജിറ്റലൈസേഷൻ നടപടികൾ

3371 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയ ഡിജിറ്റലൈസേഷൻ നടപടികളിലൂടെ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്മാർട്ട് സിഗ്നൽ സംവിധാനങ്ങൾ, എ.ഐ. അധിഷ്ഠിത ട്രാഫിക് മാനേജ്മെന്റ് എന്നിവ നടപ്പിലാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി., സ്വകാര്യബസ്സുകൾ, ടാക്സികൾ എന്നിവയിൽ മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള ടിക്കറ്റ് ബുക്കിംഗ് സംവിധാനം വ്യാപകമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സാരഥി, വാഹൻ എന്നീ ഓൺലൈൻ പോർട്ടലുകൾ വഴിയുള്ള ലൈസൻസ്, വാഹന രജിസ്ട്രേഷൻ എന്നിവയുടെ ഡിജിറ്റലൈസേഷൻ എത്രത്തോളം വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, വാഹന ഇൻഷ്വറൻസ് അടയ്ക്കൽ തുടങ്ങിയ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഗതാഗത വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നൽകിയിട്ടുള്ള പരസ്യങ്ങൾ

3372 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗതാഗത വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനങ്ങളുടെ പേര്, പരസ്യത്തിനായി ചെലവഴിച്ച തുക, പരസ്യം നൽകിയ ഏജൻസി, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം ലഭ്യമാക്കാമോ?

## കാട്ടാക്കട സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

3373 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കെ.എസ്.ആർ.ടി.സി. കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഓഫീസ് മാറ്റുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

## കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യത

3374 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ നിലവിലെ സാമ്പത്തിക ബാധ്യത എത്രയാണ്; കഴിഞ്ഞ മൂന്ന് വർഷത്തിനിടെ സർക്കാർ നൽകിയ ധനസഹായത്തിന്റെ വാർഷിക കണക്ക് നൽകാമോ; അവ എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്; വ്യക്തമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിൽ ഉണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഗ്രാമപ്രദേശങ്ങളിലെ സർവീസുകൾ കുറച്ചതായി പരാതിയുണ്ടോ; കഴിഞ്ഞ രണ്ട് വർഷത്തിനിടെ റദ്ദാക്കിയതും പുതുതായി ആരംഭിച്ചതുമായ സർവീസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ഡി) ഇലക്ട്രിക് ബസുകൾ ഉൾപ്പെടെ പരിസ്ഥിതി സൗഹൃദ ഗതാഗത സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിന് വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ;

(ഇ) റോഡ് സുരക്ഷ ശക്തിപ്പെടുത്തുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനുമായി ഗതാഗത വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്; കഴിഞ്ഞ വർഷം നടന്ന റോഡ് അപകടങ്ങളുടെ കണക്കും അതിൽ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങൾ നടന്നു എന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ;

(എഫ്) ഒരു വിഭാഗം കെ. എസ്. ആർ. ടി. സി. ഡ്രൈവർമാരുടെ അലക്ഷ്യമായ ഡ്രൈവിങ് മൂലം അപകടങ്ങൾ വർദ്ധിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കുമോ?

## ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം

3375 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഇതുവരെ പ്രഖ്യാപിച്ച നയങ്ങൾ, ഇൻസെന്റീവുകൾ, ചട്ടങ്ങൾ എന്നിവ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കോന്നി മണ്ഡലത്തിലെ ഗതാഗത വകുപ്പ് പദ്ധതികൾ

3376 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും ഗതാഗത വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും ഇനി പൂർത്തീകരിക്കാനുള്ളവയുടെയും വിശദാംശം ലഭ്യമാക്കാമോ;

(സി) കിഫ്ബി പദ്ധതികൾ പ്രസ്തുത പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും ലഭ്യമാക്കാമോ?

## <u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ റോഡ് സേഫ്റ്റി ഫണ്ട് പ്രവൃത്തികൾ</u>

3377 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

## <u>റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടിയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം</u>

3378 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ ബോധവൽക്കരണ പരിപാടിയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഗതാഗത നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട് 2024, 2025, 2026 വർഷങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>റോഡ് സുരക്ഷാ ഓഡിറ്റ്</u>

3379 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റോഡ് സുരക്ഷാ വിഷയത്തിൽ വൈദഗ്ധ്യമുള്ളവർ അപകട സാധ്യതയുള്ള സ്ഥലങ്ങൾ സന്ദർശിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(സി) കൂടുതൽ ഉദ്യോഗസ്ഥർക്ക് റോഡ് സുരക്ഷയിൽ വിദഗ്ധ പരിശീലനം

നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഉപയോഗശൂന്യമായ കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

3380 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം വിവിധ ഡിപ്പോകളിൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ഉപയോഗശൂന്യമായ ബസ്സുകൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ തീരെ ഉപയോഗശൂന്യമായവ പൊളിച്ചു വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**ഗതാഗത വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ**

3381 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗതാഗത വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ, ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയെന്നും മറ്റു നിയമനങ്ങൾ നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി എന്നതിന്റെ വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

**കെ. എസ്. ആർ. ടി. സി. ബസ് സർവീസുകൾ പുന:രാരംഭിക്കാൻ നടപടി**

3382 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 കാലയളവിൽ നിർത്തലാക്കിയ കെ. എസ്. ആർ. ടി. സി. ബസ് സർവീസുകൾ പുന:രാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ട്രാൻസ്പോർട്ട് പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര പാക്കേജ്**

3383 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് പെൻഷൻകാർക്ക് കഴിഞ്ഞ പതിനാല് വർഷങ്ങളായി പെൻഷൻ വർദ്ധനവും ക്ഷാമബത്തയും അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്

ഉത്തരവാദികൾ ആരെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) മറ്റ് സർക്കാർ പെൻഷൻകാരുമായി താരതമ്യപ്പെടുത്തുമ്പോൾ ട്രാൻസ്പോർട്ട് പെൻഷൻകാർക്ക് മാത്രമാണ് കുറഞ്ഞ പെൻഷനും ആനുകൂല്യങ്ങളും നൽകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടും പെൻഷൻ പരിഷ്കരണം നാല് വർഷമായി മാറ്റിവയ്ക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; മുൻകാല പ്രാബല്യത്തോടെ പെൻഷൻ പരിഷ്കരണം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) 1350 രൂപ പെൻഷൻ ലഭിക്കുന്ന എക്സ്-ഗ്രേഷ്യാ പെൻഷൻകാർക്ക് രണ്ട് ശമ്പള പരിഷ്കരണങ്ങളിൽ നൽകിയ കുടുംബപെൻഷനും വർദ്ധനവും ട്രാൻസ്പോർട്ട് പെൻഷൻകാർക്ക് നിഷേധിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ ഏഴ് വർഷങ്ങളായി ഉത്സവബത്ത നിർത്തലാക്കുകയും ഒരു രൂപ പോലും അധിക ആനുകൂല്യം നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ട്രാൻസ്പോർട്ട് പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര പാക്കേജ് പരിഗണിക്കുമോ?

## കെ. എസ്. ആർ. ടി. സി. മാവേലിക്കര ഡിപ്പോയിലെ കെട്ടിട നിർമ്മാണം

3384 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി-യുടെ മാവേലിക്കര ഡിപ്പോയിലേക്ക് മുൻസർക്കാരിന്റെ കാലത്ത് എം. എൽ. എ. എ. ഡി. എസ്. ൽ നിന്ന് ഒരു കോടി രൂപ അനുവദിച്ച കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ ഗതാഗത (എ) വകുപ്പിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

## കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള പുതിയ ബസ് സർവീസുകൾ

3385 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുതിയതായി അനുവദിച്ച ബസ് സർവീസുകൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) കോതമംഗലം ഡിപ്പോയിൽ നിന്നും എ.സി. ബസുകൾ ഉൾപ്പെടെ കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ട് പുനഃരാരംഭിക്കുന്നതിനുള്ള നടപടി

3386 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് രാവിലെ ആറ് മണിക്ക് വരന്തരപ്പിള്ളിയിലേയ്ക്കും തുടർന്ന് വരന്തരപ്പിള്ളിയിൽ നിന്നും പയ്യാക്കര-വരാക്കര-ആലേങ്ങാട്-കല്ലൂർ-തൃക്കൂർ-മരത്താക്കര-ഒല്ലൂർ വഴി തൃശ്ശൂരിലേക്കും വൈകിട്ട് അഞ്ച്

മണിക്ക് തിരിച്ച് ഇതേ റൂട്ടിൽ വരന്തരപ്പിള്ളിയിലേയ്ക്കും നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസ് കോവിഡിനെതുടർന്ന് നിർത്തലാക്കുകയും പിന്നീട് സർവ്വീസ് പുന:രാരംഭിക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലയോര പ്ലാന്റേഷൻ മേഖലകളിലെ ജനങ്ങൾക്ക് ഏറെ സഹായകരവും കെ.എസ്.ആർ.ടി.സി. ക്ക് ലാഭകരവുമായിരുന്ന പ്രസ്തുത സർവ്വീസ് പുന:രാരംഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(സി) സർവ്വീസ് ഉടൻ പുന:രാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>കെ. എസ്. ആർ. ടി. സി. ബസ് സർവീസ് പുന:സ്ഥാപിക്കാൻ നടപടി</u>

3387 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്ന് കോഴിക്കോട് ചക്കിട്ടപ്പാറയ്ക്ക് ഓടിക്കൊണ്ടിരുന്ന കെ. എസ്. ആർ. ടി. സി. ബസ് പുന:സ്ഥാപിക്കാത്തത് കാരണം യാത്രക്കാർ ദുരിതത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ് പുന:സ്ഥാപിക്കണമെന്ന ആവശ്യമുന്നയിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## <u>മഞ്ചേരി കെ. എസ്. ആർ. ടി. സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്</u>

3388 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി കെ. എസ്. ആർ. ടി. സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മഞ്ചേരിയിൽ നിന്നും രാത്രികാല ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>വർക്കല മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവീസുകൾ</u>

3389 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വർക്കല മണ്ഡലത്തിലും സമീപ പ്രദേശത്തുമായി കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിവേദനങ്ങളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം</u>

3390 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ടോയ്‌ലറ്റ്, വിശ്രമ മുറികൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്ന് കൂടുതൽ ദീർഘദൂര സർവീസുകൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) സമീപ പ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്ന പ്രധാനപ്പെട്ട ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേക്ക് നീട്ടി റൂട്ട് പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈരാറ്റുപേട്ട ഡിപ്പോയിൽ ഡ്രൈവർ/കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ കുറവ് ഡിപ്പോയുടെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ ഡിപ്പോയിലേക്ക് കൂടുതൽ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനും നിലച്ചുപോയ സൂപ്പർഫാസ്റ്റ് സർവീസുകളും മലബാർ സർവീസുകളും തുടങ്ങുന്നതിനായി പുതിയ ബസ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള പുതിയ ബസ് സർവീസുകൾ

3391 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുതിയ ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവീസുകളാണെന്ന് അറിയിക്കാമോ;

(ബി) പുതിയ സർവീസുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

## പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാന്റിന്റെ നവീകരണം

3392 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാന്റിന്റെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മുൻ ബജറ്റിലെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായി 5 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും സമർപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## താമരശ്ശേരി - കൊയിലാണ്ടി റൂട്ടിലെ ബസ് സർവീസുകൾ

3393 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ താമരശ്ശേരി മുതൽ കൊയിലാണ്ടി വരെയുള്ള റൂട്ടിൽ രാത്രികാലങ്ങളിൽ ഉൾപ്പെടെ ബസ് സർവീസ് നടത്താത്തത് മൂലം യാത്രക്കാർക്ക്

പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രികാലത്ത് പ്രസ്തുത റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവീസ് നടത്തുന്നുണ്ടെന്നും എത്ര സ്വകാര്യ ബസ്സുകൾക്ക് റൂട്ട് നിലവിലുണ്ടെന്നും വ്യക്തമാക്കാമോ; ഇവ എല്ലാ ദിവസവും സർവീസ് നടത്തുന്നുണ്ടോ; വിശദമാക്കാമോ?

## പാലക്കാട് ജില്ലയിൽ അനുവദിച്ച ബസ്റൂട്ടുകൾ

3394 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പാലക്കാട് ജില്ലയിൽ അനുവദിച്ച ബസ്റൂട്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

## വൈപ്പിനിൽ നിന്നുള്ള ബസുകളുടെ നഗര പ്രവേശനം

3395 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽ നിന്നും നഗരത്തിലേക്കുള്ള ബസുകളുടെ നഗരപ്രവേശനത്തിന്റെ വിജ്ഞാപനം ഇറങ്ങിയത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വിജ്ഞാപനം ഇറങ്ങിയ ശേഷം എത്ര ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്നും എത്ര ബസുകൾ പെർമിറ്റിനായി അപേക്ഷിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതൊക്കെ റൂട്ടുകൾക്കാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും ഏതൊക്കെ റൂട്ടുകളിലേക്കാണ് പെർമിറ്റിന് അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്നും വിശദമാക്കാമോ?

## ജലഗതാഗത മേഖലയിലെ നവീകരണ പ്രവർത്തനങ്ങൾ

3396 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത മേഖലയിൽ വളർന്നു വരുന്ന സാങ്കേതികവിദ്യകൾക്കനുസരിച്ച് നൂതന സാങ്കേതിക വികസനം ലക്ഷ്യമിട്ട് പ്രത്യേക പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലഗതാഗത സേവനങ്ങളിൽ ഡിജിറ്റൽ ടിക്കറ്റിംഗ്, ജി.പി.എസ്. അധിഷ്ഠിത ട്രാക്കിംഗ്, സ്മാർട്ട് ഫെറി മാനേജ്മെന്റ് സംവിധാനം എന്നിവ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പരിസ്ഥിതി സൗഹൃദ ഇലക്ട്രിക്/ഹൈബ്രിഡ് ബോട്ടുകൾ, സോളാർ ബോട്ട് സംവിധാനങ്ങൾ എന്നിവ ജലഗതാഗത മേഖലയിലേക്ക് കൊണ്ടുവരുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ സേവനഗുണനിലവാരം വർധിപ്പിക്കുന്നതിനായി ജീവനക്കാർക്ക് സാങ്കേതിക പരിശീലനം, ആധുനിക ഉപകരണങ്ങൾ എന്നിവ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**ജലഗതാഗത വകുപ്പിലെ നിയമനങ്ങൾ**

3397 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിലവിൽ വന്ന സ്റ്റേറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ പ്രകാരം ജലഗതാഗത വകുപ്പിലെ ബോട്ട് ലസ്കർ, ബോട്ട് സ്രാങ്ക്, ബോട്ട് ഡ്രൈവർ, ബോട്ട് മാസ്റ്റർ, സ്റ്റേഷൻ മാസ്റ്റർ, ചെക്കിംഗ് ഇൻസ്പെക്ടർ, അഡീഷണൽ ട്രാഫിക് സൂപ്രണ്ട്, ട്രാഫിക് സൂപ്രണ്ട് എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ട് വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**അപകടത്തിൽ പൂർണ്ണമായും തകർന്ന വാഹനങ്ങൾ വീണ്ടും നിരത്തിലിറക്കുന്നത് തടയാൻ നടപടി**

3398 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽ പൂർണ്ണമായും തകർന്ന വാഹനങ്ങൾ വീണ്ടും നിരത്തിലിറക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കപ്പെടാതെ കൈമാറ്റപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ടോട്ടൽ ലോസ് ആയി കണക്കാക്കപ്പെടുന്ന വാഹനത്തിന്റെ ഉടമയ്ക്ക് മുഴുവൻ നഷ്ടപരിഹാരം നൽകാതെ ഇൻഷ്വറൻസ് കമ്പനികൾ കബളിപ്പിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചട്ടക്കൂടും ചേസിസും തകർന്ന വാഹനങ്ങൾ നന്നാക്കി വീണ്ടും വിൽക്കുന്നത് റോഡ് സുരക്ഷയ്ക്ക് ഭീഷണിയാണെന്നതിനാൽ അത്തരം ഇടപാടുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) അപകടത്തിൽ തകർന്ന വാഹനങ്ങൾ വീണ്ടും ഉപയോഗിക്കുന്നതിന് ഫിറ്റ്നസ് നേടണമെന്നോ അത്തരം വാഹനങ്ങൾ ഉപേക്ഷിക്കണമെന്നോ നിർബന്ധമായും പൊളിക്കണമെന്നോ ഉള്ള വ്യവസ്ഥ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**വാഹന പുക പരിശോധന കേന്ദ്രങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ**

3399 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെബ് സൈറ്റിലെ പ്രശ്നങ്ങൾ കാരണം പുക പരിശോധന സ്ഥാപനങ്ങൾക്ക് ഒ.ടി.പി. ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതും സോഫ്റ്റ്‌വെയർ അപ്ഡേഷനുകൾ മൂലം പുക പരിശോധന നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കാത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് പദ്ധതികൾ</u>**

3400 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് കോട്ടക്കൽ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ കോട്ടക്കൽ മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം അറിയിക്കുമോ; ഇവയ്ക്ക് ഓരോന്നിനും നീക്കിവച്ചിട്ടുള്ള തുക എത്രവീതമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

**<u>ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്</u>**

3401 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കമ്മീഷന്റെ ഏതെല്ലാം ശിപാർശകളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നും ഇനി നടപ്പിലാക്കാനുള്ള ശിപാർശകൾ നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>**

3402 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷക്ഷേമ വകുപ്പ് കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

**<u>ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ വായ്പാ പദ്ധതി</u>**

3403 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് എത്ര തുകയാണ് ഗ്രാന്റായി അനുവദിച്ചത്; അതിൽ ഇതുവരെ എത്ര തുക വിനിയോഗിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പുതിയ ഏതെങ്കിലും വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; വായ്പ നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ പ്രസ്തുത കോർപ്പറേഷന് നൽകുന്ന ഗ്രാന്റ് യഥാസമയം നൽകാത്തതുമൂലം വായ്പാ പദ്ധതികൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## <u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പ് പദ്ധതിയുടെ വിശദാംശം</u>

3404 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ വിവിധ സ്കോളർഷിപ്പ് ഇനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും വിവിധ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം, അർഹതയുണ്ടായിട്ടും സ്കോളർഷിപ്പ് ലഭിക്കാതെ പോയ വിദ്യാർത്ഥികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ ഏതെല്ലാം വർഷമാണ് സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ പോയത്; ഓരോ വർഷവും സ്കോളർഷിപ്പ് വിതരണം പൂർത്തിയാക്കിയ തീയതി സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം ഈ സ്കോളർഷിപ്പുകളിൽ ഏതെങ്കിലും കുടിശ്ശിക നിലവിലുണ്ടോ; എങ്കിൽ കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പാലക്കാട് ജില്ലയിലെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>

3405 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് പാലക്കാട് ജില്ലയിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## <u>ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതികൾ</u>

3406 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീമതി ദെലീമ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിധവകളും വിവാഹ ബന്ധം വേർപെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിശദാംശം നൽകാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>

3407 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെ പൂഞ്ഞാർ മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം, പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം എന്നിവ അറിയിക്കുമോ?

## <u>അരുവിക്കര മണ്ഡലത്തിലെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>

3408 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ അരുവിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെയും വിതരണം ചെയ്ത ആനുകൂല്യങ്ങളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

## <u>ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>

3409 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മുൻ സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പിൽ നടപ്പാക്കിയ ഏതെങ്കിലും പദ്ധതികൾ നിലവിലെ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്ന് സംസ്ഥാനത്തിന് ആകെ എത്ര രൂപ ലഭിച്ചുവെന്ന്

അറിയിക്കാമോ; ആയതിൽ എത്ര ചെലവഴിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ?

## നൃൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

3410 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) ന്യൂനപക്ഷ വിഭാഗക്കാരുടെ ഉന്നമനത്തിന് നടപ്പാക്കുന്ന പദ്ധതികളെയും നൽകുന്ന ആനുകൂല്യങ്ങളെയും അവസരങ്ങളെയും കുറിച്ച് അവരെ ബോധവാന്മാരാക്കുവാൻ കോർപ്പറേഷൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; അതിനായി കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി

3411 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജെ.വി.കെ (പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം) പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അംഗീകാരം ലഭിച്ച ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാത്തതായി ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ;പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ, അവയിൽ പൂർത്തിയായവ, പൂർത്തിയാക്കാനുള്ളവ, പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

3412 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് നൽകാനുള്ള ഗ്രാന്റ് കുടിശിക

3413 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി നിർദേശ പ്രകാരം ന്യൂനപക്ഷ ക്ഷേമത്തിനായി രൂപീകരിച്ച മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി നൽകാനുള്ള ഗ്രാന്റ് കുടിശിക എത്രയാണ്; എത്ര വർഷത്തെ ഗ്രാന്റാണ് നൽകാനുള്ളത്; അവസാനമായി എന്നാണ് ഗ്രാന്റ് നൽകിയത്; വിശദാംശം നൽകുമോ;

(ബി) സർക്കാർ ഗ്രാന്റ് നൽകാത്തതു മൂലം ക്ഷേമനിധി ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് നൽകാൻ ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ നടപ്പാക്കലും ഫണ്ടിന്റെ വിനിയോഗവും

3414 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന വിദ്യാഭ്യാസ, സ്വയംതൊഴിൽ, ഭവന, സ്കോളർഷിപ്പ് പദ്ധതികൾ ഏതെല്ലാമാണ്; കഴിഞ്ഞ 5 വർഷത്തിനിടെ പ്രസ്തുത പദ്ധതികളിലൂടെ അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയാണ്; വെളിപ്പെടുത്തുമോ;

(ബി) സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച അപേക്ഷകൾ കെട്ടിക്കിടക്കുന്നതായും വൈകിപ്പിക്കുന്നതായുമുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം നൽകാമോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) കേന്ദ്രാവിഷ്കൃത ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രയാണ്; കേന്ദ്ര വിഹിതം ലഭിക്കാതിരുന്നതോ വൈകിയതോ മൂലം ആനുകൂല്യ വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണ് അത്തരത്തിൽ വൈകിയത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി അനുവദിച്ച വായ്പകളുടെ എണ്ണം, തുക, തിരിച്ചടവിന്റെ നില തുടങ്ങിയ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾ

3415 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-2021 മുതൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ വിവിധ പദ്ധതികൾക്ക് ഓരോ വർഷവും ലഭിച്ചിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും അതിൽ ഓരോ വർഷവും എത്ര തുക വിതരണം ചെയ്തു എന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതികളിൽ ഓരോന്നിലും എന്നു വരെയുള്ള അപേക്ഷകൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന്

വ്യക്തമാക്കുമോ?

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കുള്ള ബഡ്ജറ്റ് വിഹിതം

3416 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുക ബജറ്റ് വിഹിതത്തിന്റെ എത്ര ശതമാനമായിരുന്നുവെന്ന് പദ്ധതി തിരിച്ച് അറിയിക്കുമോ;

(ബി) ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ ഓരോ വർഷവും എത്ര കുട്ടികൾക്ക് തുക നൽകിയെന്ന് വിശദീകരിക്കുമോ;

(സി) ന്യൂനപക്ഷ സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിച്ച് വർദ്ധിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് വകയിരുത്തിയ തുക

3417 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് ആകെ വകയിരുത്തിയ തുക എത്രയാണെന്നറിയിക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് വിവിധ പ്രവർത്തനങ്ങൾക്കായി 2025-26 ൽ വകയിരുത്തിയ തുക എത്രയാണെന്ന് പ്രവർത്തനങ്ങൾ തിരിച്ച് അറിയിക്കാമോ;

(ഡി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2025-26 ൽ വകയിരുത്തിയ തുകയിൽ ഓരോ പ്രവർത്തനത്തിനും ചെലവഴിച്ച തുക എത്രയാണെന്ന് പ്രവർത്തനങ്ങൾ തിരിച്ച് അറിയിക്കാമോ;

(ഇ) 2025-26 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനായി വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം പൂർണമായും ചെലവഴിക്കുമോ എന്ന് അറിയിക്കാമോ?

## ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ

3418 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകളിൽ പഠിക്കുന്ന കുട്ടികളുടെയും സ്റ്റാഫിന്റെയും എണ്ണം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതുതായി ആരംഭിച്ച എത്ര ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നുമുള്ള

വിശദാംശം ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഏതെങ്കിലും കോച്ചിംഗ് സെന്റർ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3419 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി കായിക വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും ഏതൊക്കെയാണ് എന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കായികക്ഷമതാ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ

3420 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവരിലെ കായികക്ഷമതാ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കായിക സാക്ഷരതാ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം വകുപ്പുകളെ പങ്കാളികളായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശ സ്പോർട്സ് കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

3421 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം

3422 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തുണ്ടാകുന്ന മുങ്ങിമരണങ്ങളിലധികവും വിദ്യാർത്ഥികളും കൗമാരക്കാരുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പത്താം ക്ലാസ്സ് പൂർത്തിയാകുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം സുരക്ഷാ മുൻകരുതലെന്ന നിലയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി - ദേവികുളം മണ്ഡലം**

3423 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് കളിക്കളത്തിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

**കായിക വകുപ്പ് മുഖേനയുള്ള പദ്ധതികളുടെ പുരോഗതി**

3424 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം മുതൽ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മുഴുവൻ പദ്ധതികളുടെ പുരോഗതിയും അനുവദിച്ച തുകയും തരം തിരിച്ച് വിശദമാക്കാമോ;

(ബി) പൂർത്തിയാവാത്ത പദ്ധതികളുടെ തടസ്സങ്ങൾ എന്താണെന്നും അവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കാമോ?

**ആലത്തൂർ കുഴൽമന്ദം ജി.എൽ.പി.എസ് പെരുകുന്നം ഗ്രൗണ്ട് നിർമാണം**

3425 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ പ്രവൃത്തി ആരംഭിച്ച കുഴൽമന്ദത്തെ ജി.എൽ.പി.എസ്. പെരുകുന്നം ഗ്രൗണ്ടിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**ആലപ്പുഴ മണ്ഡലത്തിൽ കായികവകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ**

3426 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ കായികവകുപ്പ് നടപ്പാക്കിയ പദ്ധതികൾ, അവയിൽ പൂർത്തിയായവ, പൂർത്തിയാക്കാനുള്ളവ, പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവ വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലിസ്റ്റിൽ ഉൾപ്പെട്ടവ, ഭരണാനുമതി ലഭിക്കാനുള്ളവ, അവയ്ക്ക് അനുവദിച്ച തുക, നിർവഹണ പുരോഗതി എന്നിവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## മലപ്പുറം ഗവ. കോളേജിലെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

3427 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആദ്യത്തെ സർക്കാർ കോളേജായ മലപ്പുറം മുണ്ടുപറമ്പ ഗവ. കോളേജിൽ കായിക മേഖല വിഭാഗത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സമർപ്പിച്ച ഏഴ് കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇൻഡോർ സ്റ്റേഡിയവും ഓപ്പൺ ജിംനേഷ്യവും മലപ്പുറം ഗവ. കോളേജിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. സമർപ്പിച്ച PU/62/23/SPO/MPM കത്തിൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ (Minister Office File No. 7692222/2023/M (MW,S&W)) വിശദീകരിക്കാമോ;

(സി) അമ്പതാണ്ട് പിന്നിട്ടതും നിരവധി കായിക താരങ്ങളെ രാജ്യത്തിന് സമ്മാനിച്ചതുമായ മലപ്പുറം ഗവ. കോളേജിലെ കായിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഫണ്ട് അനുവദിക്കുമോ?

## കായംകുളം മണ്ഡലത്തിൽ കായികവകുപ്പ് വഴി അനുവദിക്കപ്പെട്ട പ്രവൃത്തികൾ

3428 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ സ്റ്റേഡിയങ്ങൾ ഉൾപ്പെടെ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ കായിക ക്ലബ്ബുകൾക്ക് ലഭ്യമായ സഹായങ്ങൾ

3429 **ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക കായിക ക്ലബ്ബുകൾക്ക് സർക്കാർ ലഭ്യമാക്കുന്ന സഹായങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ 5 വർഷക്കാലയളവിൽ കായിക വകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റിയ തിരുവനന്തപുരം ജില്ലയിലെ ക്ലബ്ബുകളുടെ വിശദാംശം ലഭ്യമാക്കാമോ?

## പരസ്യങ്ങളുടെ വിശദാംശം

3430 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കായികവകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിശദാംശം ലഭ്യമാക്കാമോ?

## കല്യാശ്ശേരി മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ

3431 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പിന് കീഴിൽ കല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ ഫണ്ട് സംബന്ധിച്ച വിവരവും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

## കാസർഗോഡ് ചെറുവത്തൂർ പഞ്ചായത്തിൽ അനുവദിച്ച മൾട്ടി ജിമ്മിന്റെ പ്രവർത്തനം

3432 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചെറുവത്തൂർ പഞ്ചായത്തിൽ അനുവദിച്ച മൾട്ടി ജിമ്മിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ സ്റ്റേഡിയം നിർമ്മാണം

3433 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജിൽ ഖേലോ-ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## ജി.വി.എച്ച്.എസ്.എസ്. മൊഗ്രാൽ സ്കൂളിൽ സ്റ്റേഡിയം നിർമ്മാണം

3434 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.വി.എച്ച്.എസ്.എസ് മൊഗ്രാൽ സ്കൂളിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**സംസ്ഥാനത്തെ സിന്തറ്റിക് ട്രാക്കുകൾ**

3435 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം വരെ സംസ്ഥാനത്ത് ആകെ എത്ര സിന്തറ്റിക് ട്രാക്കുകളുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2016 മെയ് മാസത്തിന് ശേഷം എത്ര സിന്തറ്റിക് ട്രാക്കുകൾ പുതുതായി നിർമ്മിക്കുവാൻ കഴിഞ്ഞുവെന്നും അവയോരോന്നിനും എത്ര തുകവീതം ചെലവഴിച്ചുവെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**മാവേലിക്കര ഗവ. ബോയ്സ് സ്കൂളിൽ സ്റ്റേഡിയം നിർമ്മാണം**

3436 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25-ലെ ബജറ്റിൽ മാവേലിക്കര ഗവ. ബോയ്സ് സ്കൂളിന് സ്റ്റേഡിയം നിർമ്മാണത്തിനായി ഒരു കോടി രൂപ അനുവദിച്ച പ്രവൃത്തി നടപ്പിലാക്കുവാൻ കായിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം**

3437 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ;

(ബി) സമയബന്ധിതമായി പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതിനാൽ കിറ്റ്കോയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) സ്ഥാനത്തുനിന്നും മാറ്റി കായിക വകുപ്പിന് കീഴിലുള്ള സ്പോർട്ട്സ് കേരള ഫൗണ്ടേഷ (എസ്.കെ.എഫ്.) നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലയേൽപ്പിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് പദ്ധതി പുനരാരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) റീ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കായിക വകുപ്പിലെ താത്കാലിക നിയമനങ്ങൾ**

3438 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കായിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയെന്നും മറ്റു നിയമനങ്ങൾ ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

**കേരളത്തിലെ ഹജ്ജ് പുറപ്പെടൽ കേന്ദ്രങ്ങളിൽ നിരക്ക് ഏകീകരണം**

3439 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹജ്ജ് പുറപ്പെടൽ കേന്ദ്രമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ നിന്നും പുറപ്പെടുന്ന ഹജ്ജ് യാത്രക്കാരുടെ നിരക്കുകൾ ഏകീകരിക്കുന്നതിന് വേണ്ടി സംസ്ഥാന ഹജ്ജ് കമ്മിറ്റിയും സംസ്ഥാന സർക്കാരും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് നിന്നും 2025-ലെ ഹജ്ജ് യാത്രക്ക് അധിക തുക ഈടാക്കിയത് സംബന്ധിച്ച കേസിൽ സുപ്രീം കോടതിയുടെ 06-03-2025-ലെ നിർദ്ദേശമനുസരിച്ച് കേന്ദ്ര ഹജ്ജ് കമ്മിറ്റി പുറത്തിറക്കിയ സർക്കുലർ സംസ്ഥാന സർക്കാരോ സംസ്ഥാന ഹജ്ജ് കമ്മിറ്റിയോ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കേരളത്തിലെ ഹജ്ജ് പുറപ്പെടൽ കേന്ദ്രങ്ങളിൽ നിരക്ക് ഏകീകരിക്കുന്നതിനും കൂടുതൽ നിരക്കുകൾ വാങ്ങുന്നതിന് എയർലൈൻസ് അധികൃതർ പറയുന്ന തെറ്റായ കാര്യങ്ങൾ തിരുത്തുന്നതിനും സംസ്ഥാന സർക്കാർ മുൻകൈയ്യെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

**തീരദേശ റെയിൽവേ സോൺ**

3440 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനായി തീരദേശ റെയിൽവേ സോൺ എന്ന ആശയം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ;

(ബി) തീരദേശലൈൻ കൂടുതലുള്ളതിനാൽ റെയിൽവേ സോൺ എന്ന ആവശ്യം പ്രായോഗികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തി ആവശ്യം നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മുഖേനയുള്ള പദ്ധതികളുടെ പുരോഗതി**

3441 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളുടെ പുരോഗതിയും അനുവദിച്ച തുകയും തരംതിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാവാത്ത പദ്ധതികളുടെ തടസ്സങ്ങൾ എന്താണെന്നും അവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വ്യക്തമാക്കാമോ?

**വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

3442 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും (2016-21) നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**മൃഗസംരക്ഷണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

3443 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

**ഡിജിറ്റൽ മൃഗചികിത്സാ സേവനങ്ങൾ**

3444 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യയുടെ കാലത്ത് മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ചികിത്സാ സേവനങ്ങൾ ഡിജിറ്റൽവൽക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വെറ്ററിനറി ഡോക്ടർമാരുടെ സേവനം ക്ഷീരകർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) മൃഗങ്ങൾക്കുള്ള മരുന്നുകളും വാക്സിനേഷൻ സൗകര്യങ്ങളും കൃത്യസമയത്ത് തന്നെ കർഷകരെ അറിയിക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മൃഗാശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന മൃഗങ്ങളുടെ ആവശ്യത്തിനായി ഒ.പി. ടിക്കറ്റുകൾ ഓൺലൈനായി എടുക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ജീവനക്കാരുടെ സേവനകാര്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്; വിശദമാക്കുമോ?

## കടുത്തുരുത്തി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടത്തിയിട്ടുള്ള പ്രവൃത്തികൾ

3445 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കടുത്തുരുത്തി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടത്തിയിട്ടുള്ള പ്രവൃത്തികൾ, ഇതിനായി അനുവദിച്ച തുക, നിലവിലെ പുരോഗതി എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ

3446 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## തരൂർ മണ്ഡലത്തിലെ മൃഗസംരക്ഷണവകുപ്പ് പദ്ധതികൾ

3447 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിൽ മൃഗസംരക്ഷണവകുപ്പ് മുഖേന എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഇ-സമൃദ്ധി പദ്ധതി

3448 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗ ചികിത്സാ സേവനങ്ങളും വകുപ്പിന്റെ മറ്റ് സേവനങ്ങളും കർഷകർക്ക് ആയാസരഹിതമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇ-സമൃദ്ധി എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതിലൂടെ ചികിത്സാസേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും ആരോഗ്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും അവസരമൊരുക്കുമോ; വിശദമാക്കാമോ;

(സി) അടിയന്തരഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ ചികിത്സാസേവനം ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതി വഴി സാധ്യമാണോയെന്ന് വ്യക്തമാക്കാമോ?

**<u>ക്ഷീര-മൃഗസംരക്ഷണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>**

3449 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പാലുല്പാദനത്തിൽ ഉണ്ടായ വർധന/ കുറവ് സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) കന്നുകാലി രോഗങ്ങൾ (ഉദാ: ലംപി സ്കിൻ രോഗം മുതലായവ) മൂലം കർഷകർക്ക് ഉണ്ടായ നഷ്ടം എത്രയാണ്; ആയതിനു നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാലിന്റെ വില നിശ്ചയിക്കുന്നതിൽ സർക്കാർ സ്വീകരിച്ച നയം എന്താണ്; ക്ഷീരകർഷകർ നേരിടുന്ന ചെലവ് വർധനയെ പരിഹരിക്കാൻ പ്രത്യേക ഇടപെടലുകൾ ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ വന്ന ശേഷം മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന സബ്സിഡി പദ്ധതികൾ ഏതെല്ലാമാണെന്നും (പശു വിതരണം, കോഴിവളർത്തൽ, ആട് വിതരണം തുടങ്ങിയവ) ഓരോ പദ്ധതിക്കും അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്താണ് കാരണമെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും അറിയിക്കുമോ?

**<u>വൈപ്പിൻ മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ</u>**

3450 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് വഴി വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>മൃഗസംരക്ഷണ വകുപ്പ് കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

3451 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് വഴി കല്ല്യാശ്ശേരി മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ

ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

**<u>ചെറ്റച്ചൽ, വിതുര എന്നീ ജേഴ്സി ഫാമുകളിലെ വിവിധ പദ്ധതികൾ</u>**

3452 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര നിയോജകമണ്ഡലത്തിലെ ചെറ്റച്ചൽ, വിതുര എന്നീ ജേഴ്സി ഫാമുകളിൽ പ്ലാൻ-നോൺ പ്ലാൻ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ട്, കേന്ദ്ര സർക്കാർ ഫണ്ട് എന്നിവ ഉപയോഗിച്ച് അനുമതി ലഭിച്ച വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും വിശദാംശങ്ങളും അവയുടെ ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങളും അറിയിക്കുമോ?

**<u>എറണാകുളം ജില്ലയിൽ കേരള ചിക്കൻ പദ്ധതി</u>**

3453 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കേരള ചിക്കൻ പദ്ധതി പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന ഔട്ട്ലെറ്റുകളുടെ കണക്ക് മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ ഔട്ട്ലെറ്റുകൾ ഇനി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേരള ചിക്കൻ ഔട്ട്ലെറ്റുകളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള താല്ക്കാലിക നിയമനങ്ങൾ</u>**

3454 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയെന്നും മറ്റു നിയമനങ്ങൾ നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ ?

**<u>കുഞ്ഞു കൈകളിൽ കോഴികുഞ്ഞ് പദ്ധതി</u>**

3455 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും കുഞ്ഞു കൈകളിൽ കോഴികുഞ്ഞ് പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## തെരുവ് നായകളുടെ വന്ധ്യംകരണം

3456 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ തെരുവ് നായകളുടെ വന്ധ്യംകരണ പ്രവർത്തനങ്ങൾക്ക് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മേൽ പരാമർശിച്ച പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന വിഹിതം എത്രയെന്ന് വിശദമാക്കുമോ?

## ക്ഷീരഗ്രാമം പദ്ധതി

3457 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ക്ഷീരകർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) മണലൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികൾ

3458 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്ഷീരവികസന വകുപ്പിന് കീഴിൽ അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശം, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ അറിയിക്കുമോ?

## മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിന്റെ ആലപ്പുഴ മണ്ഡലത്തിലെ പദ്ധതികൾ

3459 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് വഴി ആലപ്പുഴ മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള സംവിധാനങ്ങൾ

3460 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള സർക്കാർതല സംവിധാനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ മുഖേന ഉല്പാദിപ്പിക്കപ്പെടുന്ന കാലിത്തീറ്റ ക്ഷീരകർഷകരുടെ ആവശ്യത്തിന് പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ന്യായമായ വിലയിൽ ആവശ്യത്തിനനുസരിച്ച് സംസ്ഥാനത്തിനുള്ളിൽ തന്നെ ഗുണമേന്മയുള്ള കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ക്ഷീരോല്പാദക കർഷകർക്ക് അധിക ആനുകൂല്യങ്ങൾ

3461 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദകരായ കർഷകരിൽ നിന്ന് കഴിഞ്ഞ വർഷം സമാഹരിച്ച പാലിന്റെ അളവ് എത്രയാണ്; ആനന്ദ് മാതൃകാ സംഘം, ക്ഷീരോല്പാദക സഹകരണ സംഘം എന്നിവയിലെ കണക്ക് തരംതിരിച്ച് വ്യക്തമാക്കാമോ?

## സംസ്ഥാനത്തിന്റെ പാൽ ഉല്പാദനം

3462 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പാൽ ഉല്പാദനം മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ; സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതെന്നും അറിയിക്കാമോ?

## ക്ഷീരമേഖല ശക്തിപ്പെടുത്താൻ നടപടി

3463 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീരമേഖല ശക്തിപ്പെടുത്താനും ക്ഷീരമേഖലയിലെ സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ക്ഷീര കർഷകർക്ക് ആവശ്യമായ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>ക്ഷീരമേഖല ശക്തിപ്പെടുത്താൻ നടപടി</u>**

3464 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ മുന്തിയ ഇനം കിടാരികളെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) ക്ഷീര കർഷകർക്ക് പിന്തുണ നൽകി ക്ഷീര മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>കാസർഗോഡ് ജില്ലയി;ലെ ക്ഷീരവികസന ക്ഷേമനിധി</u>**

3465 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര കർഷകർ ക്ഷീരവികസന ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്; ഇവരിൽ എത്ര പേർക്ക് പെൻഷൻ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
19-02-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].